# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## തിരുവൻവണ്ടൂർ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2022-2023




കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001

ഇ-മെയിൽ: ddhglfalpy@gmail.com

ഫോൺ : 0477-2252753

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: കെ.എസ്.എ-എ.എൽ.പി/പി 6-1405/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001
തീയതി: 20/12/2023
ഇ-മെയിൽ: ddhglfalpy@gmail.com
ഫോൺ: 0477-2252753

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
തിരുവൻവണ്ടൂർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : തിരുവൻവണ്ടൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തിരുവൻവണ്ടൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ-എ.എൽ.പി/പി 6-1405/2023 തീയ്യതി: 20/12/2023

## ആലപ്പുഴ ജില്ലയിലെ തിരുവൻവണ്ടൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ആലപ്പുഴ ജില്ലയിലെ തിരുവൻവണ്ടൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-12-2022 മുതൽ 31-03-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 17 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 14 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ആർ.രാജീവ് | ഡപ്യൂട്ടി ഡയറക്ടർ | 22-11-2023 | 30-11-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 22-11-2023 | 30-11-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി സജിതാ ദാസ്, ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ.)
ശ്രീമതി സുഷ റ്റി.പിള്ള, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ.ശ്രീകാന്ത് സി.എസ്., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ.സുനിൽ കുമാർ ജി., സീനിയർ ഗ്രേഡ് ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി.ബിന്ദു കുരുവിള | പ്രസിഡന്റ് | 01-04-2022 | 29-04-2022 |
| ശ്രീ.രാജ് കുമാർ കെ.ആർ | പ്രസിഡന്റ് | 30-04-2022 | 18-05-2022 |
| ശ്രീ.സജൻ.പി.വി | പ്രസിഡന്റ് | 19-05-2022 | 31-03-2023 |
| ശ്രീ.ഗോപികൃഷ്ണൻ റ്റി.എസ് | സെക്രട്ടറി | 01-04-2022 | 31-03-2023 |

നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ഡോ.ശ്രീകല.എസ് | വെറ്റിനറി സർജൻ | 01-04-2022 | 31-03-2023 |
| ശ്രീമതി.സൗമ്യമോൾ.യു | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2022 | 31-03-2023 |
| ഡോ.സുനിത.എസ് | മെഡിക്കൽ ഓഫീസർ (ആരോഗ്യം) | 01-04-2022 | 31-03-2023 |
| ഡോ.ക്ഷേമലത | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-04-2022 | 31-03-2023 |
| ഡോ.ദീപ.എസ് | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2022 | 13-04-2022 |
| ഡോ.നെബു.പി.മാത്യു | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 14-04-2022 | 31-03-2023 |
| ശ്രീമതി. ബിന്ദു.പി.കെ | എച്ച്.എം | 01-04-2022 | 31-03-2023 |
| ശ്രീമതി.ദിവ്യശ്രീ എം.ആർ | അസിസ്റ്റന്റ് എൻജിനീയർ | 01-04-2022 | 31-03-2023 |
| ശ്രീ.അഭിലാഷ് എം | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2022 | 31-03-2023 |
| ശ്രീമതി.അനിത.എസ് | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2022 | 31-03-2023 |
| ശ്രീമതി.ലാലി.എസ് | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ-1 | 01-04-2022 | 25-07-2022 |
| വേക്കന്റ് | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ-1 | 26-07-2022 | 18-08-2022 |
| ശ്രീമതി.അജി.കെ.ഡി | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ-1 | 19-08-2022 | 12-12-2022 |
| വേക്കന്റ് | വില്ലേജ് എക്സ്റ്റൻഷൻ | 13-12-2022 | 31-03-2023 |

| | | | |
|---|---|---|---|
| | ഓഫീസർ-1 | | |
| വേക്കന്റ് | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ-2 | 01-04-2022 | 16-11-2022 |
| ശ്രീമതി.റഹീന റഹിം | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ-2 | 17-11-2022 | 31-03-2023 |
| ശ്രീമതി.ശ്രീന.എസ് | അഗ്രികൾച്ചർ അസിസ്റ്റന്റ് | 01-04-2022 | 30-11-2022 |
| ശ്രീ.സജീവ്.ആർ | അഗ്രികൾച്ചർ അസിസ്റ്റന്റ് | 01-12-2022 | 10-02-2023 |
| ശ്രീമതി.ശ്രീന.എസ് | അഗ്രികൾച്ചർ അസിസ്റ്റന്റ് | 11-02-2023 | 31-03-2023 |

ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പ**ർ** |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | തൊഴിൽ നികുതി ഡിമാന്റിൽ കൃത്യതയില്ല | 1-1-1 |
| 3 | പ്രൊഫഷൻ ടാക്സ് (ട്രേഡേഴ്സ്) - അഡ്വാൻസ് കളക്ഷനിൽ കൃത്യതയില്ല | 1-1-2 |
| 4 | വസ്തുനികുതി - വാർഷിക ധനകാര്യ പത്രികയിലെ ഡി.സി.ബി കൃത്യമല്ല | 1-1-3 |
| 5 | ലോൺ കണക്കിൽ കൃത്യതയില്ല | 1-1-4 |
| 6 | ക്യാഷ് ബാലൻസ് തുകയിൽ വ്യത്യാസം | 1-1-5 |
| 7 | ബാങ്ക് അക്കൗണ്ടിൽ നെഗറ്റീവ് ബാലൻസ് നിലനിൽക്കുന്നു | 1-1-6 |
| 8 | MNREGS കണക്കിൽ കൃത്യതയില്ല | 1-1-7 |
| 9 | വിവിധ ഗ്രാന്റുകളുടെ ചെലവ് തുകകൾ പൊരുത്തമില്ല | 1-1-8 |
| 10 | CFC(Tied+Untied) ബാലൻസ് തുക പൊരുത്തപ്പെടുന്നില്ല | 1-1-9 |
| 11 | പഞ്ചായത്ത് ആസ്തികളുടെ മൂല്യനിർണ്ണയം നടത്തിയിട്ടില്ല | 1-1-10 |
| 12 | Other Advance ആയി ചേർത്തിട്ടുള്ള തുകയുടെ കൃത്യത വിശദീകരിക്കപ്പെട്ടിട്ടില്ല | 1-1-11 |
| 13 | SNP Central Share ICDS ബാലൻസ് തുക പൊരുത്തപ്പെടുന്നില്ല | 1-1-12 |
| 14 | Capital Contribution - തുകയുടെ കൃത്യത വിശദീകരിക്കപ്പെട്ടിട്ടില്ല | 1-1-13 |
| 15 | Beneficiary Contribution - തുകയുടെ കൃത്യത വിശദീകരിക്കപ്പെട്ടിട്ടില്ല | 1-1-14 |
| 16 | പ്രത്യേക ഉദ്ദേശ്യങ്ങൾക്കുള്ള ഫണ്ടിന്റെ ബാലൻസ് തുകയുടെ കൃത്യത വിശദീകരിക്കപ്പെട്ടിട്ടില്ല | 1-1-15 |
| 17 | സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല | 1-1-16 |
| 18 | വസ്തുനികുതി - സഞ്ചയ, ILGMS ഡി.സി.ബി പൊരുത്തപ്പെടുന്നില്ല | 1-1-17 |
| 19 | ക്യാഷ് ഫ്ലോ പത്രിക- ശരിയായ കണക്ക് പ്രതിഫലിപ്പിക്കുന്നില്ല | 1-1-18 |
| 20 | ബജറ്റ് | 1-2 |
| 21 | സാമ്പത്തിക വിശകലനം | 1-3 |
| 22 | ഫണ്ട് വിനിയോഗം (എസിആർ പ്രകാരം) | 1-4 |
| 23 | പദ്ധതി അവലോകനം | 1-5 |
| 24 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 25 | ക്യാഷ് വേരിഫിക്കേഷൻ | 1-7 |
| 26 | ക്ഷേമപദ്ധതികൾ | 1-8 |
| 27 | ആഭ്യന്തരനിയന്ത്രണ സംവിധാനം | 1-9 |
| 28 | വിഭവസമാഹാരത്തിന്റെ കാര്യക്ഷമത – ലഘു അവലോകനം | 1-10 |

| | | |
|---|---|---|
| 29 | വാണിജ്യ കെട്ടിടങ്ങൾക്ക് ബാധകമായ നിരക്കിൽ വസ്തുനികുതി നിശ്ചയിച്ചില്ല | 1-11 |
| 30 | വിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിലുള്ള നികുതി നിർണ്ണയിച്ചില്ല | 1-12 |
| 31 | വസ്തുനികുതി-വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങളെ മേൽത്തരം തറ നിർമ്മിതിയ്ക്കനുസൃതമായി നികുതി ചുമത്തിയില്ല | 1-13 |
| 32 | കുറഞ്ഞ നിരക്കിൽ ലൈസൻസ് ഫീസ് ഈടാക്കുന്നു | 1-14 |
| 33 | ബിൽഡിംഗ് പെർമിറ്റ് സമയബന്ധിതമായി അനുവദിക്കപ്പെടുന്നില്ല | 1-15 |
| 34 | ഇ-ടെണ്ടർ ഫീസ് - അസിസ്റ്റന്റ് എഞ്ചിനീയറുടെ ഇ-ടെണ്ടർ അക്കൗണ്ടിൽ 290540 രൂപയുടെ നീക്കിയിരുപ്പ് | 1-16 |
| 35 | സെക്രട്ടറി നിർവഹണം നടത്തിയ നിക്ഷേപ പദ്ധതികൾ - വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല | 1-17 |
| 36 | പൊതുവാട്ടർ ടാപ്പ് - ബാധ്യതയേറുന്നു | 1-18 |
| 37 | പ്രവർത്തനം അവസാനിപ്പിച്ച വാഹനത്തിന്റെ ലേലനടപടികൾ പൂർത്തീകരിച്ചിട്ടില്ല | 1-19 |
| 38 | ഗ്രാമപഞ്ചായത്ത് ഓഫീസ് കെട്ടിട നിർമ്മാണം നടപ്പായില്ല | 1-20 |
| 39 | റോഡ് കണക്റ്റിവിറ്റി മാപ്പിംഗ്-പ്രവൃത്തി പൂർത്തീകരിച്ചില്ല | 1-21 |
| 40 | കരാർ പ്രകാരമുള്ള കാലയളവിൽ പൂർത്തീകരിച്ചില്ല - PWD മാനുവൽ അനുശാസിക്കും പ്രകാരമുള്ള നഷ്ടപരിഹാരം ഈടാക്കിയില്ല. | 1-22 |
| 41 | ഇന്റർ ലോക്ക് പാകുന്നതിന് അധിക നിരക്ക് അനുവദിച്ചിരിക്കുന്നു | 1-23 |
| 42 | നിയമാനുസൃത നികുതികൾ ഈടാക്കാതെ തുക അനുവദിച്ചു | 1-24 |
| 43 | കിരണം -പദ്ധതി സമഗ്രതയിൽ നടപ്പാക്കിയിട്ടില്ല | 1-25 |
| 44 | മെൻസ്ട്രൽ കപ്പ് - വിതരണം പൂർണ്ണമായില്ല | 1-26 |
| 45 | ലൈഫ് ഗുണഭോക്താവ് വീട് നിർമ്മാണം ആരംഭിച്ചില്ല | 1-27 |
| 46 | ഹരിത കർമ്മ സേനയുടെ പ്രവർത്തനം മന്ദഗതിയിൽ | 1-28 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| 1 | കരാർ പ്രകാരമുള്ള കാലയളവിൽ പൂർത്തീകരിച്ചില്ല - PWD മാനുവൽ അനുശാസിക്കും പ്രകാരമുള്ള നഷ്ടപരിഹാരം ഈടാക്കിയില്ല | 3-1 |
| 2 | നിയമാനുസൃത നികുതികൾ ഈടാക്കാതെ തുക അനുവദിച്ചു | 3-2 |
| ഭാഗം **4** | | |
| 1 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 |

| | | |
|---|---|---|
| 4 | വായ്പ /വായ്പാതിരിച്ചടവ് | 4-4 |
| 5 | സ്ഥിര നിക്ഷേപം | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-7 |
| 8 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിശദാംശം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികളുടെ എണ്ണം | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I) കേരള പഞ്ചായത്ത് രാജ് ആക്ട് 1994ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൌണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 14.07.2023 ലെ 1(1) നമ്പർ കമ്മറ്റി തീരുമാനം പ്രകാരം തയ്യാറാക്കി 22.07.2023 തീയതിയിൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള തിരുവൻവണ്ടൂർ ഗ്രാമപഞ്ചായത്തിന്റെ മാർച്ച് 2023 അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2023 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൌണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൌണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

II) കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C & AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൌണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൌണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

III) എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൌണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

#### വിശേഷണങ്ങളോടു കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, തിരുവൻവണ്ടൂർ ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

1-1-1 തൊഴിൽ നികുതി ഡിമാന്റിൽ കൃത്യതയില്ല

ഇൻകം & എക്സ്പെൻഡിച്ചർ I-1 ഷെഡ്യൂൾ പ്രകാരം പ്രൊഫഷൻ ടാക്സ് (എംപ്ലോയീസ്) ആകെ ഡിമാന്റ് 1799808/- രൂപയാണ്. എന്നാൽ രജിസ്റ്റർ പ്രകാരം 1770808/- രൂപയാണ് ഡിമാന്റ് രേഖപ്പെടുത്തിയിട്ടുള്ളത്. ഗ്രാമപഞ്ചായത്ത് ഓഫീസ് ജീവനക്കാരുടെ തൊഴിൽനികുതിയായ 29000/- രൂപ രസീത് ചെയ്യാതെ ജേണൽ എൻട്രി നടത്തിയതിനാലാണ് വ്യത്യാസം ഉണ്ടായത്.

1-1-2 പ്രൊഫഷൻ ടാക്സ് (ട്രേഡേഴ്സ്) - അഡ്വാൻസ് കളക്ഷനിൽ കൃത്യതയില്ല

രജിസ്റ്റർ പ്രകാരം പ്രൊഫഷൻ ടാക്സ് (ട്രേഡേഴ്സ്) ഡിമാന്റും കളക്ഷനും 385155/- രൂപയാണ്. കളക്ഷൻ തുക 385155/- രൂപയിൽ (290260+Adv.94895) അഡ്വാൻസ് കളക്ഷനായി ലഭിച്ച 94895/- രൂപയും ഉൾപ്പെടുന്നു. എന്നാൽ 2021-22 AFS ഷെഡ്യൂൾ RP35 പ്രകാരം അഡ്വാൻസ് കളക്ഷൻ 91140/- രൂപ മാത്രമാണ്. അഡ്വാൻസ് കളക്ഷനിൽ നിലനിൽക്കുന്ന 3755/- രൂപയുടെ വ്യത്യാസം വിശദീകരിക്കപ്പെട്ടിട്ടില്ല.

1-1-3 വസ്തുനികുതി - വാർഷിക ധനകാര്യ പത്രികയിലെ ഡി.സി.ബി കൃത്യമല്ല

വസ്തുനികുതിയിനത്തിൽ (പാർപ്പിടം) ഡിമാന്റ് 2047603 രൂപയും അഡ്വാൻസ് ഉൾപ്പെടെയുള്ള കളക്ഷൻ 2012261/- രൂപയുമാണ് (1990516+Adv.21745). ഡിമാന്റിലും കളക്ഷനിലുമായി 35342/- രൂപയുടെ വ്യത്യാസം നിലനിൽക്കുന്നുണ്ടെങ്കിലും 2022-23 ബാലൻസ് ഷീറ്റിൽ(B-15) തുകയൊന്നും ഉൾപ്പെടുത്തിയിട്ടില്ല. ഇതേപോലെ വസ്തുനികുതിയിനത്തിൽ (വാണിജ്യം) ഡിമാന്റ് 1806711 രൂപയും അഡ്വാൻസ് ഉൾപ്പെടെയുള്ള കളക്ഷൻ 1805427/- രൂപയുമാണ് (1794169+Adv.11258). ഡിമാന്റിലും കളക്ഷനിലുമായി 1284/- രൂപയുടെ വ്യത്യാസം നിലനിൽക്കുന്നു. മുൻ വർഷ എ.എഫ്.എസിലെ തെറ്റ്മൂലമാണ് ഇപ്രകാരം വ്യത്യാസം ഉണ്ടാകാനിടയായത്

1-1-4 ലോൺ കണക്കിൽ കൃത്യതയില്ല

ലോൺ കണക്കിൽ പൊരുത്തമില്ല. മുൻ വർഷ AFS ബാലൻസ് ഷീറ്റിൽ (2021-22 B5) Secured Loan ഇനത്തിൽ 97255/- രൂപ തെറ്റായി ഉൾപ്പെടുത്തിയിരുന്നു. ടി തുക ഒഴിവാക്കി കണക്കാക്കുമ്പോൾ 2022-23 ലെ ബാലൻസ് തുക 3392355/- രൂപ B-5 ഷെഡ്യൂളുമായി പൊരുത്തമുണ്ടെങ്കിലും Prepaid Program Expense എന്ന ഹെഡിൽ (B-16) ഉൾപ്പെടുത്തിയ തുകയുമായി (180589/-) പൊരുത്തപ്പെടുന്നില്ല.

1-1-5 ക്യാഷ് ബാലൻസ് തുകയിൽ വ്യത്യാസം

2021-22 AFS RP40(b) പ്രകാരം ക്യാഷ് ബാലൻസ് 68819/- രൂപയായിരുന്നു. എന്നാൽ 2022-23 AFS RP40(a) പ്രകാരം ക്യാഷ് ബാലൻസ് 68685/- രൂപയാണ്. 134/- രൂപയുടെ വ്യത്യാസം നിലനിൽക്കുന്നു. സാങ്കേതിക പ്രശ്നം മൂലം ഡേ ബുക്കിലും ക്യാഷ് ബുക്കിലും ഉണ്ടായ വ്യത്യാസമാണ് അപാകതയ്ക്ക് കാരണമെന്നും ഐ.കെ.എം മായി ബന്ധപ്പെട്ട് നിലവിൽ ഈ പ്രശ്നം പരിഹരിച്ചുവെന്നും മറുപടി ലഭിച്ചു.

1-1-6 ബാങ്ക് അക്കൗണ്ടിൽ നെഗറ്റീവ് ബാലൻസ് നിലനിൽക്കുന്നു

Nationalised Bank Account Of Own Revenue Fund എന്ന ബാങ്ക് അക്കൗണ്ടിൽ RP 40(b) വർഷങ്ങളായി (-)295636/- രൂപ ക്രമീകരിക്കാതെ ബാലൻസായി നിലനിർത്തിയിരിക്കുന്നു. തുക ക്രമീകരിക്കുന്നതിന് ഐ.കെ.എം നോട് ആവശ്യപ്പെട്ടിട്ടുണ്ടെന്ന് മറുപടി ലഭിച്ചു

1-1-7 MNREGS കണക്കിൽ കൃത്യതയില്ല

തൊഴിലുറപ്പ് പദ്ധതിയിനത്തിൽ ആകെ ചെലവ് (Admin+EFMS) ഷെഡ്യൂൾ I-6 പ്രകാരം 16520411/- രൂപയാണ്. എന്നാൽ ഷെഡ്യൂൾ I-14(c) Poverty Alleviation Unit പ്രകാരം ആകെ ചെലവ് 16520351/- രൂപയാണ്. 60/- രൂപയുടെ വ്യത്യാസം തുക റീക്കപ്പ് ചെയ്തപ്പോൾ സംഭവിച്ചതാണെന്നും ആയത് പരിഹരിക്കുമെന്നും അറിയിച്ചു.

1-1-8 വിവിധ ഗ്രാന്റുകളുടെ ചെലവ് തുകകൾ പൊരുത്തമില്ല

AFS ൽ ഉൾപ്പെട്ട വിവിധ ഗ്രാന്റുകളുടെ ചെലവ് സുലേഖ പത്രികയുമായി പൊരുത്തപ്പെടുന്നില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഫണ്ടിനം | AFS പ്രകാരം ചെലവ് (I-6+Capital Contribution) | സുലേഖ പത്രിക പ്രകാരം ചെലവ് |
|---|---|---|
| വികസന ഫണ്ട് (ജനറൽ) | 8434765 | 8302428 |
| വികസന ഫണ്ട് (എസ്.സി.പി) | 3146104 | 2605165 |
| മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്) | 3656298 | 3381977 |
| മെയിന്റനൻസ് ഗ്രാന്റ് (റോഡ്) | 3548088 | 2401404 |

ക്യാപിറ്റൽ കോൺട്രിബ്യൂഷൻ തുക ചേർത്തതിലെ വ്യത്യാസമാണ് ടി അപാകതയ്ക്ക് കാരണമെന്ന് മറുപടി ലഭിച്ചു.

1-1-9 CFC(Tied+Untied) ബാലൻസ് തുക പൊരുത്തപ്പെടുന്നില്ല

ബാലൻസ് ഷീറ്റ് B-4 ഷെഡ്യൂൾ പ്രകാരം CFC(Tied+Untied) ബാലൻസ് 5117608/- രൂപയാണ്. എന്നാൽ പാസ് ബുക്ക്, ബാങ്ക് റീകൺസിലേഷൻ സ്റ്റേറ്റ്മെന്റ് എന്നിവ പരിശോധിച്ചതിൽ 31.03.2023 ലെ ബാലൻസ് 2069946/- രൂപയാണ്. വ്യത്യാസം വിശദീകരിക്കപ്പെട്ടിട്ടില്ല. മുൻവർഷ(2021-22) ബാലൻസ് ഷീറ്റിൽ (B-4) നീക്കിയിരുപ്പ് തുക തെറ്റായാണ് ചേർത്തിരുന്നത്. ടി തെറ്റ് മൂലം തുടർന്നുള്ള വർഷവും വാർഷിക ധനകാര്യ പത്രികയിലെ തുക യഥാർത്ഥ തുകയെ പ്രതിഫലിപ്പിക്കുന്നില്ല. തുക ക്രമീകരിക്കുന്നതാണെന്ന് മറുപടി ലഭിച്ചു.

1-1-10 പഞ്ചായത്ത് ആസ്തികളുടെ മൂല്യനിർണ്ണയം നടത്തിയിട്ടില്ല

26/07/2011-ലെ ജി.ഒ (എം.എസ്) 152/2011-ലെ നിർദ്ദേശങ്ങൾക്കനുസൃതമായി പഞ്ചായത്ത് ആസ്തികളുടെ മൂല്യനിർണ്ണയം നടത്തി ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. ആസ്തികളുടെ ഡിപ്രീസിയേഷൻ കണക്കാക്കിയ വർക്ക് ഷീറ്റും തുകയുടെ കൃത്യതയും വിശദീകരിക്കപ്പെട്ടിട്ടില്ല

മേൽ വിഷയങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.3/25.11.2023) പരിഹരിക്കാനുള്ള അപാകതകൾ ഭാവിയിൽ പരിഹരിക്കുമെന്ന് അറിയിച്ചു. തുടർന്നുള്ള വർഷങ്ങളിൽ മേൽപ്പറഞ്ഞ അപാകതകൾ പൂർണ്ണമായി പരിഹരിക്കേണ്ടതാണ്.

1-1-11 Other Advance ആയി ചേർത്തിട്ടുള്ള തുകയുടെ കൃത്യത വിശദീകരിക്കപ്പെട്ടിട്ടില്ല

B-18 ഷെഡ്യൂളിൽ Other Advance 26764/- തുകയുടെ കൃത്യത വിശദീകരിക്കപ്പെട്ടിട്ടില്ല

1-1-12 SNP Central Share ICDS ബാലൻസ് തുക പൊരുത്തപ്പെടുന്നില്ല

B-4 ഷെഡ്യൂൾ പ്രകാരം SNP Central Share ICDS ബാലൻസ് 876063/- രൂപയാണ്. എന്നാൽ ACR രജിസ്റ്റർ പ്രകാരം ബാലൻസ് 995009/- രൂപയാണ്. ACR ൽ ഓപ്പണിംഗ് ബാലൻസ് രേഖപ്പെടുത്തിയതിലെ വ്യത്യാസമാണ് അപാകതയ്ക്കിടയാക്കിയത്

1-1-13 Capital Contribution - തുകയുടെ കൃത്യത വിശദീകരിക്കപ്പെട്ടിട്ടില്ല

Capital Contribution (312109901) മുൻ വർഷാന്ത്യവും തൻവർഷാന്ത്യവും ഒരേ തുക തന്നെ (26579549/-) ലയബിലിറ്റി ഹെഡിൽ ഉൾപ്പെടുത്തിയിരിക്കുന്നു. തുകയുടെ കൃത്യത വിശദീകരിക്കപ്പെട്ടിട്ടില്ല

1-1-14 Beneficiary Contribution - തുകയുടെ കൃത്യത വിശദീകരിക്കപ്പെട്ടിട്ടില്ല

Liability In Repect Of Stale Cheque എന്ന ശീർഷകത്തിൽ (350800101) 2200/- രൂപയും Beneficiary Contribution ഇനത്തിൽ (320800101) 87845/-രൂപയും ക്രമീകരിക്കാതെ വർഷങ്ങളായി അവശേഷിക്കുന്നു. തുക തുടർ വർഷം ക്രമീകരിക്കുന്നതാണെന്ന് അറിയിച്ചു.

1-1-15 പ്രത്യേക ഉദ്ദേശ്യങ്ങൾക്കുള്ള ഫണ്ടിന്റെ ബാലൻസ് തുകയുടെ കൃത്യത വിശദീകരിക്കപ്പെട്ടിട്ടില്ല

എ.സി.ആറിൽ രേഖപ്പെടുത്തിയിട്ടില്ലാത്തതിനാൽ B-4 ഷെഡ്യൂളിൽ ബാലൻസ് നിൽക്കുന്ന വിവിധ ആവശ്യങ്ങൾക്കായുള്ള ഫണ്ടിന്റെ കൃത്യത ഉറപ്പാക്കാനായിട്ടില്ല

1-1-16 സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല

വസ്തു നികുതി, വാടക, ലൈസൻസ്, കച്ചവടക്കാരുടെ തൊഴിൽ നികുതി തുടങ്ങി അക്രുവൽ അടിസ്ഥാനത്തിലുള്ള വരവിനങ്ങളുടെ ഡിമാന്റ് എൻട്രി വർഷാരംഭത്തിലും തുടർന്ന് എല്ലാ മാസവും രേഖപ്പെടുത്തിയിട്ടില്ല.

1-1-17 വസ്തുനികുതി - സഞ്ചയ, ILGMS ഡി.സി.ബി പൊരുത്തപ്പെടുന്നില്ല

31.03.2023ലെ സഞ്ചയ പ്രകാരമുള്ള വസ്തുനികുതി കുടിശ്ശികയും വാർഷികകണക്ക് (ILGMS) പ്രകാരമുള്ള വസ്തുനികുതി കുടിശ്ശികയും (B-15) പൊരുത്തപ്പെടുന്നില്ല

1-1-18 ക്യാഷ് ഫ്ലോ പത്രിക- ശരിയായ കണക്ക് പ്രതിഫലിപ്പിക്കുന്നില്ല

ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും (1688127.00) പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും (2904940) തമ്മിൽ പൊരുത്തപ്പെടുന്നില്ല

1-2 ബജറ്റ്

2022-23 വർഷത്തെ ബജറ്റ് 26/03/2022 തീയതിയിലെ 1(1) നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. ബജറ്റിന്റെ വിശദ വിവരം ചുവടെ ചേർക്കുന്നു.

| ഇനം | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 29,82,87,282 | 28,52,97,000 |
| വാർഷിക കണക്ക് പ്രകാരം | 8,04,19,815 | 8,23,82,381 |

| | | |
|---|---|---|
| (ഇൻകം & എക്സ്പെന്റിച്ചർ) | | |

ബജറ്റ് പ്രകാരമുള്ള കണക്കും യഥാർത്ഥ കണക്കും തമ്മിൽ ഗണ്യമായ അന്തരം നിലനിൽക്കുന്നു. ബജറ്റ് മാനവൽ ചട്ടം 3.1.4, 3.1.5 എന്നിവ അനുശാസിക്കും വിധം പെർഫോമൻസ് ബജറ്റ്, ജന്റർ ബജറ്റ് എന്നിവ പാസ്സാക്കേണ്ടതാണ്. കൂടാതെ ബജറ്റിന്റെ രൂപീകരണത്തിലും നിർവ്വഹണത്തിലും കൂടുതൽ ശ്രദ്ധ പുലർത്തേണ്ടതും അക്കൗണ്ടിംഗ് സോഫ്റ്റ്വെയറുമായി ബജറ്റ് ലിങ്ക് ചെയ്യുന്നതിന് നടപടി സ്വീകരിക്കേണ്ടതുമാണ്.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 13800778 |
| വരവ് | 28264044 |
| ആകെ | 42064822 |
| ചെലവ് | 25359104 |
| നീക്കിയിരിപ്പ് | 16705718 |

## 1-4 ഫണ്ട് വിനിയോഗം (എസിആർ പ്രകാരം)

| ഫണ്ടിനം | | മുൻബാക്കി | വരവ് | ആകെ | ചെലവ് | ലാപ്സായ തുക |
|---|---|---|---|---|---|---|
| വികസനഫണ്ട് (പൊതുവിഭാഗം) | | 0 | 10113000 | 10113000 | 8434765 | 1678235 |
| വികസനഫണ്ട് (എസ്.സി.പി) | | 0 | 3496000 | 3496000 | 3146104 | 349896 |
| വികസനഫണ്ട് (ടി.എസ്.പി) | | 0 | 0 | 0 | 0 | 0 |
| സംരക്ഷണഗ്രാന്റ് (റോഡ്) | | 0 | 5364000 | 5364000 | 3548088 | 1815912 |
| സംരക്ഷണഗ്രാന്റ് (നോൺറോഡ്) | | 0 | 4700000 | 4700000 | 3656298 | 1043702 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | ടൈഡ് (ബാങ്ക്) | 1273500 | 2638000 | 3911500 | 1886195 | 2025305 |
| | ടൈഡ് (ട്രഷറി) | 0 | 891056 | 891056 | 0 | 891056* |
| | അൺ ടൈഡ് (ബാങ്ക്) | 3068561 | 1758000 | 4826561 | 1825597 | 3000964* |
| | അൺ ടൈഡ്(ട്രഷറി) | | 64 | 64 | 0 | 64 |

*സി.എഫ്.സി (ടൈഡ്+അൺടൈഡ്) ബാങ്ക് തുകകൾ യഥാർത്ഥ തുകയെ പ്രതിഫലിപ്പിക്കുന്നില്ല. ഖണ്ഡിക 1-1-9 കാണുക.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ചത്-ശതമാനം |
|---|---|---|---|---|---|---|
| 131 | 51264670 | 89 | 25891204 | 7 | 35 | 68 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 111117 | 521402 | 632519 | 632519 | 0 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നല്കുന്നത് | 0 | 15887892 | 15887892 | 15887892 | 0 |
| ആകെ | 111117 | 1640294 | 16520411 | 16520411 | 0 |

## 1-7 ക്യാഷ് വേരിഫിക്കേഷൻ

1994 ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 23-11-23 തീയതിയിൽ 3-30 Pm സമയത്ത് സെക്രട്ടറിയുടെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 20246/-രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോദ്ധ്യപ്പെട്ടു.

## 1-8 ക്ഷേമപദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 2760 | 2 |
| കർഷക തൊഴിലാളി പെൻഷൻ | 1723200 | 86 |
| വിധവാ പെൻഷൻ | 5117000 | 259 |
| വാർദ്ധക്യകാല പെൻഷൻ | 18965600 | 1473 |
| വികലാംഗ പെൻഷൻ | 1670200 | 89 |
| അവിവാഹിത പെൻഷൻ | 193600 | 132 |

## 1-9 ആഭ്യന്തരനിയന്ത്രണ സംവിധാനം

പഞ്ചായത്തിന്റെ ആഭ്യന്തരനിയന്ത്രണ സംവിധാനം തൃപ്തികരമല്ല. ഓഡിറ്റിന്റെ ശ്രദ്ധയിൽ പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1.പഞ്ചായത്തു കമ്മിറ്റി തീരുമാനങ്ങൾ നടപ്പാക്കുന്നതിലെ പുരോഗതി വിലയിരുത്തപ്പെടുന്നില്ല. ഇതിലേക്കായി വാച്ച് രജിസ്റ്റർ പരിപാലിയ്ക്കുന്നില്ല.

2. നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പാക്കുന്ന പദ്ധതി പ്രവർത്തനങ്ങളുടെ പുരോഗതിയും, ഫലപ്രാപ്തിയും യഥാസമയം വിലയിരുത്തപ്പെടുന്നില്ല. ഗ്രാമപഞ്ചായത്തിലെ വർക്കിംഗ് ഗ്രൂപ്പ് പ്രവർത്തനം കാര്യക്ഷമമല്ല. പദ്ധതി മാർഗ്ഗരേഖ പ്രകാരം വർക്കിംഗ് ഗ്രൂപ്പുകൾ മോണിട്ടറിംഗ് സമിതികളായി പ്രവർത്തിക്കേണ്ടതാണ്. എന്നാൽ ഇപ്രകാരമുള്ള പ്രവർത്തനങ്ങൾ വർക്കിംഗ് ഗ്രൂപ്പുകൾ നടത്തിയിട്ടില്ല. നിർവ്വഹണ ഉദ്യോഗസ്ഥരുടെ പ്രോജക്റ്റ് ഫയലുകളിലൊന്നും തന്നെ മോണിട്ടറിംഗ് റിപ്പോർട്ടുകൾ ഉൾപ്പെടുത്തിയിട്ടില്ല.

3.പഞ്ചായത്തിന്റെ തനത് ആസ്തിയുടെ വിശദാംശങ്ങൾ രേഖപ്പെടുത്തുന്ന ആസ്തി രജിസ്റ്റർ കാലികമാക്കപ്പെട്ടിട്ടില്ല. പുതിയതായി സൃഷ്ടിക്കപ്പെടുന്ന ആസ്തികൾ രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടില്ല(അങ്കണവാടി കെട്ടിടങ്ങൾ, എം.സി.എഫ് മുതലായവ.). വാർഷിക കണക്ക് പ്രകാരമുള്ള സ്ഥിര ആസ്തികളുടെ മൂല്യം കൃത്യമല്ല.

4. പുതിയ തനതു വരുമാനമേഖലകൾ സംബന്ധിക്കുന്ന നിർദ്ദേശങ്ങൾ ഒന്നുംതന്നെ ധനകാര്യസ്ഥിരം സമിതിയുടെയോ പഞ്ചായത്ത് സമിതിയുടെയോ തീരുമാനങ്ങളിൽ ഉൾപ്പെട്ടിട്ടില്ല.
5.ഗ്രാമപഞ്ചായത്ത് ഓഫീസ് നിലവിലും വാടക കെട്ടിടത്തിലാണ്. കെട്ടിട നിർമ്മാണം അടിയന്തിരമായി നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

ചൂണ്ടിക്കാട്ടിയ അപാകങ്ങൾ പരിഹരിയ്ക്കുന്നതിനാവശ്യമായ സത്വര നടപടി സ്വീകരിയ്ക്കുവാൻ ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിയ്ക്കുന്നു.

## 1-10 വിഭവസമാഹാരത്തിന്റെ കാര്യക്ഷമത – ലഘു അവലോകനം

തനത് വരുമാന വർദ്ധനവിനായി വിഭവസമാഹരണത്തിന്റെ കാര്യക്ഷമത പരിശോധിക്കുന്നതിന്റെ ഭാഗമായി നടത്തിയ ടാക്സ് ഓഡിറ്റിൽ തനത് വരവിനങ്ങളുടെ ഡിമാൻഡുകൾ കൃത്യവും പൂർണ്ണവുമല്ല എന്ന് വ്യക്തമായിട്ടുണ്ട്. ഇത് നികുതി ശോഷണത്തിനും ഇടയാക്കുന്നു. പുതിയ തനത് വരുമാനമേഖലകൾ കണ്ടെത്താൻ സാധ്യതകൾ ഇല്ലാത്തതിനാൽ അപ്രകാരമുള്ള നിർദ്ദേശങ്ങൾ അവതരിപ്പിക്കുന്നതിനും സമയപരിധിക്കുള്ളിൽ അവ സമാഹരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി ഭരണസമിതിയുടെ ശ്രദ്ധയിൽപെടുത്തിയിട്ടില്ല.

തൻവർഷത്തെ ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത നികുതി നികുതിയേതര തനത് വരുമാന കണക്കുകളും വാർഷിക ധനകാര്യപത്രിക പ്രകാരം ഈ ഇനത്തിൽ ലഭിച്ച തുകകളുടെ വരവുചെലവുകളുടെയും വിശദാംശം ചുവടെ ചേർക്കുന്നു.

| ഇനം | ബജറ്റ് പ്രകാരമുള്ള തനത് വരുമാനത്തിലെ പ്രതീക്ഷിത വരവ് | വാർഷിക ധനകാര്യപത്രിക പ്രകാരമുള്ള യഥാർത്ഥ വരവ് |
|---|---|---|
| നികുതി വരുമാനം | 6800000 | 5911223 |
| നികുതിയേതര വരുമാനം | 1500000 | 1220174 |

ബജറ്റ് പ്രകാരമുള്ള വരവും യഥാർത്ഥ വരവും തമ്മിൽ അന്തരം നിലനിൽക്കുന്നു.

വരുമാന വർദ്ധനവിനായി സ്വീകരിച്ചതും സ്വീകരിക്കേണ്ടതുമായ നടപടികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

1) വിവരശേഖരണം പൂർത്തിയായില്ല, സർക്കാർ നിർദ്ദേശ പ്രകാരമുള്ള നിരക്കിൽ വസ്തു നികുതി പരിഷ്കരിച്ചില്ല

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ടിലെ 203-ാം വകുപ്പ് (2) ഉം, 4ഉം ഉപ വകുപ്പുകൾ പ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ച് കേരള സർക്കാർ ഗ്രാമപഞ്ചായത്തുകളിൽ ഉപയോഗക്രമമനുസരിച്ച് ഓരോയിനം കെട്ടിടത്തിനും അതിന്റെ ഉപ വിഭാഗങ്ങൾക്കും ഒരു ചതുരശ്ര മീറ്റർ തറ വിസ്തീർണ്ണത്തിനോ എണ്ണത്തിനോ ബാധകമായ അടിസ്ഥാന വസ്തു നികുതി നിരക്കുകളുടെ ഏററവും കൂടിയതും കുറഞ്ഞതുമായ പരിധികൾ 2023 ഏപ്രിൽ 1 മുതൽ പ്രാബല്യത്തിൽ വരുത്തുന്നതിന് 05.04.2023 തീയതിയിൽ സ.ഉ.(അച്ചടി)നം 25/2023/എൽ.എസ്.ജി.ഡി. വിജ്ഞാപന പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. നികുതി പരിഷ്കരിക്കുന്നതിന്റെ ഭാഗമായി ഗ്രാമപഞ്ചായത്ത് കെട്ടിടങ്ങളുടെ വിവരശേഖരണം നടത്താൻ തീരുമാനിച്ചിട്ടുണ്ട്. ഇപ്രകാരം വിവരശേഖരണം പൂർത്തിയാക്കുന്ന പഴയ കെട്ടിടങ്ങൾക്ക് 01.04.2023 മുതൽ 5% നികുതി വർദ്ധനവും പുതിയ കെട്ടിടങ്ങൾക്ക് മേൽ സർക്കാർ ഉത്തരവ് പ്രകാരവുമുള്ള നിരക്കുമാണ് നിശ്ചയിക്കേണ്ടത്.

പഞ്ചായത്തിലെ വസ്തുനികുതി പരിഷ്കരണം 20.04.2023 ൽ ചേർന്ന ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ തീരുമാനം നം.7(1) പ്രകാരം അംഗീകരിച്ചിട്ടുണ്ട്. പ്രസ്തുത നികുതി നിരക്കിന്റെ കരട് വിജ്ഞാപനം പൊതുജനങ്ങളുടെ അറിവിലേക്കും ആക്ഷേപങ്ങൾക്കുമായി ദിനപത്രത്തിൽ പ്രസിദ്ധീകരിക്കുകയും നിയമാനുസൃത കാലയളവിന് ശേഷം ആക്ഷേപങ്ങൾ പരിഹരിച്ച് കരട് വിജ്ഞാപനം അന്തിമമാക്കി ഭരണസമിതിയുടെ 16.09.2023ലെ തീരുമാനം നം.1(1) പ്രകാരം അംഗീകാരം നൽകുകയും ചെയ്തിട്ടുണ്ട്.

പ്രദേശത്തിന്റെ വികസന സ്ഥിതി അടിസ്ഥാന സൗകര്യങ്ങൾ, വഴി സൗകര്യങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിൽ നിലവിലുള്ള 13 വാർഡുകളിൽ ഉൾപ്പെട്ട വിവിധ മേഖലകളെ സംബന്ധിച്ച് വിജ്ഞാപനവും പുറപ്പെടുവിച്ചിട്ടുണ്ട്. അടിയന്തിരമായി വിവരശേഖരണം പൂർത്തിയാക്കി പരിഷ്കരിച്ച നിരക്കിലുള്ള നികുതി സഞ്ചയയിൽ രേഖപ്പെടുത്തി പഞ്ചായത്തിന്റെ നികുതി വരുമാനം ത്വരിതപ്പെടുത്തേണ്ടതാണ്.

2) അനധികൃത നിർമ്മാണങ്ങളെ ക്രമവൽക്കരിക്കുന്നതിനുള്ള സർക്കാർ ഉത്തരവ് പാലിക്കപ്പെടുന്നില്ല.

കേരള പഞ്ചായത്ത് ബിൽഡിംഗ് (അനധികൃത നിർമ്മാണങ്ങളുടെ ക്രമവത്ക്കരണം) ചട്ടങ്ങൾ 2018.(SRO No.96/2018;15.02.2018) പ്രകാരം 31.07.2017 ന മുമ്പുള്ള അനധികൃത നിർമ്മാണങ്ങൾ സർക്കാർ തീരുമാനിച്ച ബേസിക് കോമ്പൗണ്ടിംഗ് ഫീയും അഡീഷണൽ കോമ്പൗണ്ടിംഗ് ഫീയും അടവാക്കിക്കൊണ്ട് നിയമാനുസൃതമാക്കാൻ പൊതുജനങ്ങൾക്ക് അവസരം നൽകിയിരുന്നു.

ചട്ടം 18 പ്രകാരം ഇപ്രകാരം നിയമാനുസൃതമാക്കിയ കെട്ടിടങ്ങളുടെ വിശദാംശങ്ങൾ രേഖപ്പെടുത്തിയ രജിസ്റ്റർ സെക്രട്ടറി തയ്യാറാക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ചട്ടം 17 പ്രകാരം ട്രഷറിയിൽ അടവാക്കിയ കോമ്പൗണ്ടിംഗ് ഫീയുടെ വിശദാംശങ്ങൾ രേഖപ്പെടുത്തേണ്ട രജിസ്റ്റർ സെക്രട്ടറി സൂക്ഷിക്കേണ്ടതാണ്. ഇപ്രകാരം നിയമാനുസൃതമാക്കിയ കെട്ടിടങ്ങളുടെ ഫയലുകളും മേൽ രജിസ്റ്ററുകളും യാതൊരു വിവരങ്ങളും ലഭ്യമല്ല. സഞ്ചയ സോഫ്റ്റ്വെയറിൽ നിലവിൽ 19 കെട്ടിടങ്ങൾ ക്രമവൽക്കരിക്കാൻ അവശേഷിക്കുന്നു. അനധികൃത നിർമ്മാണങ്ങളെ ക്രമവൽക്കരിക്കുന്നതിനു സർക്കാർ പുറപ്പെടുവിച്ച ഉത്തരവിനെ യഥാവിധി ജനങ്ങളിൽ എത്തിക്കുന്നതിനോ തുടർനടപടികൾ സ്വീകരിക്കുന്നതിനോ തദ്ദേശ സ്ഥാപനത്തിനു കഴിഞ്ഞിട്ടില്ലായെന്നു ഓഡിറ്റ് വിലയിരുത്തുന്നു.

3) സേവന ഉപ നികുതി

2011 ലെ കേരള പഞ്ചായത്ത് രാജ്(വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ

ചട്ടം 26, 27, 28 എന്നിവയിലാണ് സേവന ഉപനികുതിയെക്കുറിച്ച് പ്രതിപാദിച്ചിട്ടുള്ളത്. നിലവിൽ പഞ്ചായത്ത് സേവന ഉപനികുതി ഈടാക്കുന്നില്ല. ശുചിത്വ പരിപാലനം, ജലവിതരണം, തെരുവു വിളക്കുകൾ, ഡ്രെയിനേജ് എന്നിവയ്ക്കായി വസ്തുനികുതിയോടൊപ്പം സേവന ഉപനികുതി കൂടി ഈടാക്കി പഞ്ചായത്തിന്റെ തനത് വരുമാനം വർദ്ധിപ്പിക്കാവുന്നതാണ്

4) പ്രിസംപ്റ്റീവ് ടാക്സ് ഈടാക്കുന്നില്ല

പ്രിസംപ്റ്റീവ് ടാക്സ് ഒടുക്കാൻ ബാദ്ധ്യസ്ഥരായവരുടെ സമ്പൂർണ്ണ ഡാറ്റാ ബേസ് തയ്യാറാക്കി സൂക്ഷിക്കുന്നില്ല. അഭിഭാഷകർ, മറ്റു പ്രൊഫഷണലുകൾ, മരാമത്ത് പണി ഏറ്റെടുത്തു നടത്തുന്ന കരാറുകാർ, ബിൽഡിംഗ് പ്ലാൻ തയ്യാറാക്കുന്ന എൻജിനീയർമാർ, വാഹന ഉടമകൾ എന്നിങ്ങനെയുള്ള വ്യക്തികളിൽ നിന്നും തൊഴിൽ നികുതി ഈടാക്കാൻ ഗ്രാമപഞ്ചായത്ത് നാളിതുവരെ നടപടി സ്വീകരിച്ചിട്ടില്ല. പാരാമെഡിക്കൽ/ഹോസ്പിറ്റൽ രജിസ്ട്രേഷൻ വിവരങ്ങൾ, കരാറുകാരുടെ വിവരങ്ങൾ എന്നിവരുടെ സമ്പൂണ്ണ ഡാറ്റാബേസ് സൂക്ഷിക്കുന്നില്ല. പ്രിസംപ്റ്റീവ് ടാക്സ് ഒടുക്കാൻ ബാദ്ധ്യസ്ഥരായവരുടെ സമ്പൂർണ്ണ ഡാറ്റാ ബേസ് തയ്യാറാക്കി ഇതിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്തിന്റെ തനത് വരുമാനം വർദ്ധിപ്പിക്കാവുന്നതാണ്.

5)നികുതിയേതര വരവുകൾ

പഞ്ചായത്തിന്റെ പ്രധാന വരുമാനമാണ് ലൈസൻസ് ഫീസ്. വാടക വരുമാനമില്ല. ഓഡിറ്റ് വർഷം പഞ്ചായത്തിൽ പ്രവർത്തിക്കുന്ന കച്ചവട സ്ഥാപനങ്ങളുടെ എണ്ണവും ട്രേഡേഴ്സ് ലിസ്റ്റിലെ എണ്ണവും തമ്മിൽ പൊരുത്തമില്ല. എങ്കിലും മുൻവർഷങ്ങളെ അപേക്ഷിച്ച് നികുതിയേതര വരുമാനം ഗണ്യമായി വർദ്ധിച്ചിട്ടുണ്ട്. ലൈസൻസ് രജിസ്റ്റർ പ്രകാരം 333 സ്ഥാപനങ്ങൾ തൻവർഷം ലൈസൻസ് എടുത്തിട്ടുണ്ട്. എന്നാൽ നിലവിലുള്ള ട്രേഡേഴ്സ് ലിസ്റ്റിൽ ആകെ 579 സ്ഥാപനങ്ങൾ ഉൾപ്പെട്ടിട്ടുണ്ട്. പല സ്ഥാപനങ്ങൾക്കും ഒന്നിലധികം കെട്ടിട നമ്പരുകൾ ഉണ്ട്. ഇതിൽ നിന്നും പഞ്ചായത്തിൽ പ്രവർത്തിക്കുന്ന മുഴുവൻ സ്ഥാപനങ്ങളും ലൈസൻസ് എടുക്കുന്നുണ്ടോയെന്ന് ഉറപ്പ് വരുത്താൻ സാധിക്കുന്നില്ല. പഞ്ചായത്തിൽ പ്രവർത്തിക്കുന്ന മുഴുവൻ സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീസ്, തൊഴിൽ നികുതി എന്നിവ ഈടാക്കി കൂടുതൽ വരുമാന സാധ്യത കണ്ടെത്തേണ്ടതാണ്.

6)പുതിയ വരുമാന സ്രോതസ്സുക ൾ

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിച്ചുവരുന്ന വാണിജ്യ സ്വഭാവമുള്ള ടർഫ്, നീന്തൽക്കുളങ്ങൾ, ജിംനേഷ്യം ഉടങ്ങിയ നികുതി പരിധിയിൽപ്പെടാതിരുന്ന ഇനങ്ങൾക്ക് വാണിജ്യ നിരക്കിലുള്ള നിരക്ക് നിശ്ചയിച്ച് വരുമാന സാധ്യത വർദ്ധിപ്പിക്കാവുന്നതാണ്.

7) കുടിശ്ശിക നിലനിൽക്കെ സാങ്കേതികമായി 100% പിരിവ് കൈവരിച്ചു

തനത് വരുമാനങ്ങൾ സമയബന്ധിതമായി പിരിച്ചെടുക്കുകയും മുൻകാലങ്ങളിൽ കുടിശ്ശിക ഉണ്ടായിരുന്ന തുകകൾ പൂർണ്ണമായി പിരിച്ചെടുക്കാനും സാധിച്ചിട്ടില്ല. കുടിശ്ശിക സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപനം | 2021-22 വരെയുള്ള കുടിശ്ശിക |
|---|---|---|
| 1. | തിരുവിതാംകൂർ ദേവസ്വം ബോർഡ് | 105606/- |
| 2. | എസ്.എൻ.ഡി.പി യോഗം | 90873/- |
| 3. | കേരള വാട്ടർ അതോറിറ്റി | 487809/- |
| 4. | പി.ഡബ്ല്യു.ഡി | 51292/- |

| | | |
|---|---|---|
| 5. | ബി.എസ്.എൻ.എൽ | 108864/- |
| 6. | ഭാരത് ടവേഴ്സ് | 8019/- |
| | ആകെ | 811544/- |

കുടിശ്ശിക നിലനിൽക്കുന്നതിനാൽ തുടർന്നുള്ള വർഷങ്ങളിലും മേൽ സ്ഥാപനങ്ങൾ വസ്തുനികുതി ഒടുക്കിയിട്ടില്ല. ആർ.ആർ നടപടികളിലൂടെ കുടിശ്ശിക പിരിച്ചെടുക്കാൻ 18.06.2022 ലെ പഞ്ചായത്ത് കമ്മറ്റി 6(1) നമ്പർ തീരുമാനം എടുത്ത് ആർ.ആർ നടപടികൾ സ്വീകരിച്ചെങ്കിലും നളിതുവരെ കുടിശ്ശിക പിരിച്ചെടുത്തിട്ടില്ല. ആർ.ആർ നടപടികളുടെ പുരോഗതിയും ലഭ്യമല്ല. മേൽ കുടിശ്ശിക ഡിമാന്റിൽ നിന്ന് ഒഴിവാക്കിയാണ് 100% പിരിവ് കൈവരിച്ചിട്ടുള്ളത്. സാങ്കേതികമായി 100% പിരിവ് അവകാശപ്പെടുമ്പോഴും ഇപ്രകാരം കുടിശ്ശിക നിലനിൽക്കുന്നതിനാൽ തനത് വരുമാനത്തിൽ ചോർച്ച സംഭവിക്കുന്നുണ്ട്. ആർ.ആർ നടപടികളുടെ പുരോഗതി വിലയിരുത്തി സമയബന്ധിതമായി കുടിശ്ശിക പിരിച്ചെടുത്ത് തനത് വരുമാനം വർദ്ധിപ്പിക്കാനാവശ്യമായ സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

മേൽ വിഷയത്തിന് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.4/25.11.2023) വസ്തുനികുതി പരിഷ്ക്കരണം പൂർത്തിയായിട്ടില്ലെന്നും പുതിയ വരുമാന സ്രോതസ്സുകൾ കണ്ടെത്തി വരുമാനം വർദ്ധിപ്പിക്കുന്നതാണെന്നും മറുപടി ലഭിച്ചു. മേൽ സൂചിപ്പിച്ച അപാകതകൾ പരിഹരിച്ച് തനത് വരുമാന വർദ്ധനവിന് ആവശ്യമായ പ്രായോഗിക നടപടികൾ ഗ്രാമപഞ്ചായത്ത് ഭരണസമിതി സ്വീകരിക്കേണ്ടതാണ്.

1-11 വാണിജ്യ കെട്ടിടങ്ങൾക്ക് ബാധകമായ നിരക്കിൽ വസ്തുനികുതി നിശ്ചയിച്ചില്ല

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർച്ചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 4 ഏഴ് വിഭാഗങ്ങളിലായി തിരിച്ചിരിക്കുന്ന ഓരോ ഇനം കെട്ടിടത്തിന്റെയും അവയുടെ ഉപഗണങ്ങളുടെയും അടിസ്ഥാന വസ്തുനികുതി നിരക്ക് സർക്കാർ നിശ്ചയിച്ച പരിധിക്കുള്ളിൽ നിന്നുകൊണ്ട് ഗ്രാമപഞ്ചായത്ത് നിശ്ചയിക്കേണ്ടതാണ്. അടിസ്ഥാന വസ്തുനികുതിയുടെ കൂടിയതും കുറഞ്ഞതുമായ നിരക്കുകൾ തദ്ദേശ സ്വയംഭരണ (ആർ.ഡി) വകുപ്പിന്റെ 14.01.11 ലെ സർക്കാർ ഉത്തരവ് (അച്ചടി) 19/2011/ത.സ്വ.ഭ.വ പ്രകാരം നിശ്ചയിച്ചതിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്ത് പരിധിയിലെ 100 ച.മീറ്റർ താഴെയുള്ള വാണിജ്യ ആവശ്യങ്ങൾക്കുള്ള കെട്ടിടങ്ങളുടെ നികുതി ച.മീറ്ററിന് 30/- രൂപയായും 100 ച.മീറ്റർ മുകളിലുള്ള വാണിജ്യ ആവശ്യങ്ങൾക്കുള്ള കെട്ടിടങ്ങളുടെ നികുതി ച.മീറ്ററിന് 50/- രൂപയായും ഗ്രാമപഞ്ചായത്ത് നിശ്ചയിച്ച് വിജ്ഞാപനം ചെയ്തിരുന്നു. എന്നാൽ താഴെപ്പറയുന്ന വാണിജ്യ കെട്ടിടങ്ങൾക്ക് ബാധകമായ നിരക്കിൽ വസ്തുനികുതി നിശ്ചയിച്ചതായി കാണുന്നില്ല

| ക്രമ നം. | വാർഡ്, കെട്ടിട നം, ഉപയോഗം | ഉടമസ്ഥന്റെ പേര് | വിസ്തീർണ്ണം (ച.മീ.), ബാധകമായ നിരക്ക് | നിർണ്ണയിക്കേണ്ട അടിസ്ഥാന നികുതി (+വർദ്ധനവ് - 20% (-)ഇളവ് - 10%) | നിർണ്ണയിച്ച നികുതി (+വർദ്ധനവ് - 20% (-)ഇളവ് - 10%) |
|---|---|---|---|---|---|
| 1. | VI/621, ഗോഡൗൺ | ജേക്കബ് കാവനാൽ | 50.47 (@30/m$^2$) | 1665 | 277** (50.47*5+20%വർദ്ധനവ്-10%ഇളവ്) |
| 2. | IX/634, ഓയിൽ മിൽ | P.I. തോമസ് | 121.18 (@50/m$^2$) | 6665 | 1049 |

| | | | | | |
|---|---|---|---|---|---|
| 3. | VI/104, പെട്രോൾ പമ്പ് | കുരുവിള എബ്രഹാം | 51.15 (@50/$m^2$) | 2813 | 1916 |
| 4. | VI/326, കാർ റിപ്പയറിംഗ് | രാജേഷ് സോമനാഥൻ | 273.91 (@50/$m^2$) | 15064 | 567 |
| 5. | I/458, ഷോപ്പുകൾ | കുരുവിള തോമസ് | 99.5 (@50/$m^2$) | 5472 | 3284** (99.5*30+20%വർദ്ധനവ്-10%ഇളവ്) |

**വാണിജ്യ കെട്ടിടങ്ങൾക്ക് ബാധകമായ നിരക്കിന് പകരം പാർപ്പിട കെട്ടിടങ്ങളുടെ നിരക്കാണ് (5/$m^2$) നിർണ്ണയിച്ചിട്ടുള്ളത്

**ഇതോടൊപ്പമുള്ള I/459 നമ്പർ കെട്ടിടത്തിന് ച.മീറ്ററിന് 50/- രൂപ നിരക്കിൽ നിർണ്ണയിച്ചെങ്കിലും മേൽ കെട്ടിടത്തിന് (I/458) ച.മീറ്ററിന് 30/- രൂപ നിരക്കിലാണ് നികുതി നിർണ്ണയിച്ചത്. 100 ച.മീറ്ററിന് മുകളിലുള്ള വാണിജ്യകെട്ടിടങ്ങൾക്ക് ച.മീറ്ററിന് 50 രൂപ നിരക്കാണുള്ളത്. നിരക്ക് നിശ്ചയിച്ചതിലെ വ്യത്യാസം കാരണം നികുതി ഇനത്തിൽ കുറവ് സംഭവിച്ചിട്ടുണ്ട്.

ക്രമ നം.2, 3, 4 എന്നീ കെട്ടിടങ്ങളുടെ നികുതി സഞ്ചയയിൽ നിർണ്ണയിച്ചിട്ടുള്ളത് എപ്രകാരമാണെന്ന് വ്യക്തമല്ല. അപാകതയിന്മേൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.15/29.11.2023) വസ്തു നികുതി പരിഷ്കരണ ഘട്ടമായതിനാൽ ഉടൻ തന്നെ സ്ഥലപരിശോധന നടത്തി ആവശ്യമെങ്കിൽ നിരക്ക് പുനർ നിർണ്ണയിക്കുന്നതാണെന്ന് മറുപടി ലഭിച്ചു. തുടർ നടപടി സ്വീകരിച്ച് വിശദാംശങ്ങൾ ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-12 വിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിലുള്ള നികുതി നിർണ്ണയിച്ചില്ല

തദ്ദേശ സ്വയംഭരണ (ആർ.ഡി) വകുപ്പിന്റെ 14.01.2011 ലെ സർക്കാർ ഉത്തരവ് (അച്ചടി) 19/2011 /ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം പഞ്ചായത്ത് പരിധിയിലെ 100 ച.മീറ്ററിന് താഴെയുള്ള വാണിജ്യ കെട്ടിടങ്ങളുടെ നികുതി ച.മീറ്ററിന് 30/- രൂപയായും 100 ച.മീറ്റന് മുകളിലുള്ള വാണിജ്യ കെട്ടിടങ്ങളുടെ നികുതി ച.മീറ്ററിന് 50/- രൂപയായും 200 ച.മീറ്ററിന് മുകളിലുള്ള വാണിജ്യ കെട്ടിടങ്ങളുടെ നികുതി ച.മീറ്ററിന് 70/- രൂപയായും ഗ്രാമപഞ്ചായത്ത് നിശ്ചയിച്ച് വിജ്ഞാപനം ചെയ്തിരുന്നു. എന്നാൽ താഴെപ്പറയുന്ന ഷോപ്പിംഗ് കോംപ്ലക്സിനെ ഒറ്റ യൂണിറ്റായി കണക്കാക്കാതെ 100 ച.മീറ്ററിൽ താഴെയുള്ള ചെറിയ ചെറിയ യൂണിറ്റുകളായി കണക്കാക്കി കുറഞ്ഞ നിരക്കിലാണ് നികുതി നിശ്ചയിച്ചിട്ടുള്ളത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വാർഡ്, കെട്ടിട നം. | ഉടമസ്ഥന്റെ പേര് | വിസ്തീർണ്ണം (ച.മീ.) | ചുമത്തിയ അടിസ്ഥാന നികുതി | ചുമത്തേണ്ട അടിസ്ഥാന നികുതി(@70) |
|---|---|---|---|---|
| VI/623 | തോമസ് കുട്ടി സാമുവൽ | 60 | 4200(@70) | 4200 |
| VI/624 | | 28 | 840(@30) | 1960 |
| VI/625 | | 29 | 870(@30) | 2030 |
| VI/626 | | 24 | 720(@30) | 1680 |
| VI/627 | | 65 | 3250(@50) | 4550 |
| VI/628 | | 24 | 720(@30) | 1680 |

അപാകതയിന്മേൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന്

(നം.14/29.11.2023) സ്ഥലപരിശോധന നടത്തി ആവശ്യമെങ്കിൽ നിരക്ക് പുനർ നിർണ്ണയിക്കുന്നതാണെന്ന് മറുപടി ലഭിച്ചു. തുടർ നടപടി സംബന്ധിച്ച വിശദാംശങ്ങൾ ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-13 വസ്തുനികുതി-വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങളെ മേൽത്തരം തറ നിർമ്മിതിയ്ക്കനുസൃതമായി നികുതി ചുമത്തിയില്ല

തദ്ദേശ സ്വയംഭരണ (ആർ.ഡി) വകുപ്പിന്റെ 14.01.2011 ലെ സർക്കാർ ഉത്തരവ് (അച്ചടി) 19/2011 /ത.സ്വ.ഭ.വ യിലെ നിർദ്ദേശ പ്രകാരം പഞ്ചായത്ത് പരിധിയിലുള്ള വാണിജ്യാവശ്യ കെട്ടിടങ്ങളുടെ നികുതി പരിഷ്കരിച്ച് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. ഓഡിറ്റ് പരിശോധനയിൽ ചില വാണിജ്യാവശ്യ കെട്ടിടങ്ങളെ അവയുടെ ആകെ വിസ്തൃതിയുടെ അടിസ്ഥാനത്തിൽ മേൽത്തരം തറനിർമ്മിതിയ്ക്കനുസൃതമായി നികുതി ചുമത്തിയിട്ടില്ലായെന്ന് കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| കെട്ടിട ഉടമയുടെ പേര് | വാർഡ്, കെട്ടിട നം. | കെട്ടിടത്തിന്റെ ആകെ വിസ്തൃതി | മേൽത്തരം തറയ്ക്ക് ബാധകമായ വർദ്ധനവ് | കുറവ് |
|---|---|---|---|---|
| സ്ലീബ കോശി | VI/81 | 332.05 | 15% | 3486 |
| തോമസ് കുട്ടി സാമുവൽ | VI/623 മുതൽ VI/628 വരെ | 254* | 15% | 2667 |
| ആകെ | | | | 6153 |

250 ച.മീറ്ററിലധികം വിസ്തീർണ്ണമുള്ള കെട്ടിടങ്ങളുടെ തറനിർമ്മിതി മേൽത്തരം തടി, ഇറ്റാലിയൻ മാർബിൾ, ഗ്രാനൈറ്റ് എന്നിവയാൽ നിർമ്മിച്ചിട്ടുണ്ടെങ്കിൽ വസ്തുനികുതി ചട്ടങ്ങളിലെ പട്ടിക 6 പ്രകാരം അടിസ്ഥാന നികുതിയുടെ 15% വർദ്ധനവ് വരുത്തേണ്ടതാണെന്ന് ബാധകമാക്കിയിട്ടുണ്ട്. എന്നാൽ മേൽ കെട്ടിടത്തിന് ഇപ്രകാരമുള്ള വർദ്ധനവ് വരുത്തിയതായി കാണുന്നില്ല. അപാകതയിന്മേൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.14/29.11.2023) മേൽ കെട്ടിടങ്ങൾ 2013 ന് മുമ്പ് നിലവിലുണ്ടായിരുന്ന പഴയ കെട്ടിടമാണെന്നും തറ നിർമ്മിതിയുടെ തരം, വിസ്തീർണ്ണം എന്നിവ സ്ഥലപരിശോധന നടത്തി ഘടനാപരമായ മാറ്റം വന്നിട്ടുണ്ടെങ്കിൽ നിരക്ക് പുനർ നിർണ്ണയിക്കുന്നതാണെന്നും മറുപടി ലഭിച്ചു. തുടർ നടപടി സംബന്ധിച്ച വിശദാംശങ്ങൾ ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-14 കുറഞ്ഞ നിരക്കിൽ ലൈസൻസ് ഫീസ് ഈടാക്കുന്നു

ജി.ഒ.(പി) 80/2017/ത.സ്വ.ഭ.വ തീയതി.31.10.2017 ലെ ഉത്തരവ് പ്രകാരം മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ വാണിജ്യ സ്ഥാപനങ്ങളെ 5 സ്ലാബുകളായി തിരിച്ച് ലൈസൻസ് ഫീസ് നിർണ്ണയിക്കേണ്ടതാണ്. ടി ഉത്തരവ് പ്രകാരം മൂലധനനിക്ഷേപം വളരെക്കുറഞ്ഞ സ്ഥാപനങ്ങളെ മൈക്രോ സംരംഭങ്ങളുടെ ഗണത്തിൽപ്പെടുത്തി പരമാവധി 500/- രൂപ ലൈസൻസ് ഫീസ് ഈടാക്കാവുന്നതാണ്

ലൈസൻസ് എടുത്ത ഏതാനും സ്ഥാപനങ്ങളിൽ നിന്നും താരതമ്യേന കുറഞ്ഞ ഫീസ് ഈടാക്കിയതായി കാണുന്നു. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു

| സ്ഥാപനം, കെട്ടിട നമ്പർ | ഈടാക്കിയ ലൈസൻസ് ഫീസ് |
|---|---|
| ജോയി സ്റ്റോഴ്സ് (V/4) | 300 |
| ബാബൂസ് സ്റ്റോഴ്സ് (V/3) | 300 |
| സ്റ്റേഷനറി ഷോപ്പ് (IX/733) | 300 |
| വേണൂസ് തയ്യൽക്കട (V/368) | 300 |
| മേടയിൽ സ്റ്റോഴ്സ്(V/316) | 300 |
| വാസുദേവ് പോട്ടറി വേൾഡ്(IV/72) | 300 |

മേൽ സ്ഥാപനങ്ങളുടെ മൂലധനനിക്ഷേപം സംബന്ധിച്ച് ആധികാരിക രേഖകളില്ലാത്തതിനാൽ എപ്രകാരമാണ് കുറഞ്ഞ നിരക്കിൽ ഫീസ് കണക്കാക്കിയത് എന്ന് വ്യക്തമല്ല. കൂടാതെ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകളും, മാവേലി സ്റ്റോറും ലൈസൻസ് എടുത്ത് പ്രവർത്തിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. ടി വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.16/29.11.2023) ബിസിനസ് കുറവുള്ള താരതമ്യേന ചെറിയ കച്ചവട സ്ഥാപനങ്ങളായതിനാലാണ് കുറഞ്ഞ നിരക്കിൽ ഫീസ് ഈടാക്കിയതെന്ന് മറുപടി ലഭിച്ചു. തനത് വരുമാനം വളരെക്കുറഞ്ഞ ഗ്രാമപഞ്ചായത്തിന്റെ വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി മേൽ ഉത്തരവ് പ്രകാരമുള്ള പരമാവധി ഫീസ് ഈടാക്കാവുന്നതാണ്. വിഷയത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ ശ്രദ്ധ ക്ഷണിക്കുന്നു

1-15 ബിൽഡിംഗ് പെർമിറ്റ് സമയബന്ധിതമായി അനുവദിക്കപ്പെടുന്നില്ല

കേരള പഞ്ചായത്ത് രാജ് ബിൽഡിംഗ് റൂൾസ് 2019, ചട്ടം 9, 13 പ്രകാരം കെട്ടിട നിർമ്മാണ പെർമിറ്റിനുള്ള അപേക്ഷ ലഭിച്ച തീയതി മുതൽ 15 ദിവസത്തിനകം സെക്രട്ടറി പെർമിറ്റ് അനുവദിക്കുകയോ നിരസിക്കുകയോ ചെയ്യേണ്ടതാണ്. സെക്രട്ടറി അപ്രകാരം ചെയ്യാത്ത പക്ഷം അപേക്ഷകന് റൂൾ 14 പ്രകാരം അപേക്ഷകന് ഭരണസമിതിയ്ക്ക് അപേക്ഷ നല്കാവുന്നതാണ്. ഇപ്രകാരം അപേക്ഷ ലഭിച്ച തീയതി മുതൽ 30 ദിവസത്തിനകം പഞ്ചായത്ത് കമ്മറ്റി തീരുമാനം എടുക്കേണ്ടതാണ്. എന്നാൽ 30 ദിവസത്തിനകം തീരുമാനം എടുക്കാത്ത പക്ഷം പെർമിറ്റ് അനുവദിച്ചതായി കണക്കാക്കി അപേക്ഷകന് നിർമ്മാണം തുടരാവുന്നതാണ്. ബിൽഡിംഗ് പെർമിറ്റ് രജിസ്റ്റർ പരിശോധിച്ചതിൽ പെർമിറ്റ് അപേക്ഷകളിൽ 30 ദിവസത്തിനുള്ളിൽ സെക്രട്ടറി പെർമിറ്റ് അനുവദിച്ചതായി കാണുന്നില്ല. കൂടാതെ അപേക്ഷകർ പഞ്ചായത്ത് കമ്മറ്റിയ്ക്ക് അപേക്ഷ നല്കിയതിന്റെയും കമ്മറ്റി അതിൽ തീരുമാനം എടുത്തതിന്റെയും രേഖകൾ പെർമിറ്റ് രജിസ്റ്ററിലില്ല. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു

| പെർമിറ്റ് നം. | അപേക്ഷകന്റെ വിലാസം | അപേക്ഷ ലഭിച്ച തീയതി | പെർമിറ്റ് അനുവദിച്ച തീയതി | നിർമ്മിതിയുടെ സ്വഭാവം |
|---|---|---|---|---|
| 364501/22 | ജോർജ്ജ്കുട്ടി .എ.എ, മലയിൽ | 25.6.2022 | 12.8.2022 | വാസഗൃഹം |

| | | | | |
|---|---|---|---|---|
| 252236/22 | ലിസി തോമസ്, വള്ളപ്പുരയ്ക്കൽ | 12.06.2022 | 1.08.2022 | വാസഗൃഹം |
| 264669/22 | തോമസ് കുട്ടി.എ.ജി | 4.07.2022 | 12.8.2022 | വാസഗൃഹം |
| 29882/22 | സജി ജോർജ്ജ് | 27.7.2022 | 19.9.2022 | വാസഗൃഹം |
| 354771/22 | ഉണ്ണികൃഷ്ണൻ നായർ, മാടപ്പള്ളിൽ | 6.8.2022 | 14.11.2022 | വാസഗൃഹം |
| 296088/22 | രാധാകൃഷ്ണൻ നായർ, അച്ചിലേത്ത് | 8.8.2022 | 16.9.2022 | വാസഗൃഹം |
| 404474/22 | ജയസൂര്യ | 20.10.2022 | 21.12.2022 | വാസഗൃഹം |
| 91439/23 | സിന്ദ തോമസ് | 21.01.2023 | 07.03.2023 | വാസഗൃഹം |

പെർമിറ്റ് സമയബന്ധിതമായി നൽകാനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും അപാകത ഭാവിയിൽ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്. ടി വിഷയത്തിൽ ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

1-16 ഇ-ടെണ്ടർ ഫീസ് - അസിസ്റ്റന്റ് എഞ്ചിനീയറുടെ ഇ-ടെണ്ടർ അക്കൗണ്ടിൽ 290540 രൂപയുടെ നീക്കിയിരുപ്പ്

അസിസ്റ്റന്റ് എഞ്ചിനീയറുടെ പേരിൽ ആരംഭിച്ച ഇ-ടെണ്ടർ അക്കൗണ്ടിൽ (എസ്.ബി.ഐ-3542) 29.11.2023 ൽ 290540 രൂപ നീക്കിയിരുപ്പുണ്ട്. ഇ-ടെണ്ടർ ഫീസിനത്തിലുള്ള തുകയുടെ വിശദാംശം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(നം.12/28.11.23), ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ നിലനിൽക്കുന്ന 157183 രൂപ ലഭിക്കുന്നതിനായി തുടർ നടപടികൾ സ്വീകരിക്കുന്നതായി അറിയിച്ചു. ഇ-ടെണ്ടർ ഫീസ് ഇനത്തിൽ അസിസ്റ്റന്റ് എഞ്ചിനീയറുടെ അക്കൗണ്ടിൽ നിലനിൽക്കുന്ന തുക പഞ്ചായത്ത് തനത് ഫണ്ട് അക്കൌണ്ടിലേക്ക് ഒടുക്കേണ്ടതും ജില്ലാ പഞ്ചായത്തിൽ നിന്നും തുക ഈടാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

1-17 സെക്രട്ടറി നിർവഹണം നടത്തിയ നിക്ഷേപ പദ്ധതികൾ - വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല

താഴെപ്പറയുന്ന നിക്ഷേപ പ്രവൃത്തികൾക്കും മറ്റ് വിഹിതം നൽകലിനുമായി 10.58 ലക്ഷം രൂപ വിവിധ ഏജൻസികൾക്ക് മുൻകൂറായി നൽകിയെങ്കിലും പ്രവൃത്തി പൂർത്തിയാക്കുകയോ ധനവിനിയോഗ സാക്ഷ്യപത്രം ലഭിക്കുകയോ ചെയ്തിട്ടില്ല.

| പ്രോജക്ട് നം., പേര് | ചെലവ് | ബിൽ നം./ വൗച്ചർ നം/BRN | നിർവഹണ ഏജൻസി |
|---|---|---|---|
| S0010/23, ആങ്ങയിൽപടി-പുത്തൻപുരയിൽ പടി PIP | 228393/- (CFC) | XVFC/2022-23 /P/21/21.11.2022 | കെ.എസ്.ഇ.ബി, കല്ലിശ്ശേരി |

| | | | |
|---|---|---|---|
| കനാൽ, മാമ്മൂട്ടിൽപടി റോഡിൽ ഇലക്ട്രിക് പോസ്റ്റ് സ്ഥാപിക്കൽ | | | |
| S0068/23, തെരുവ് വിളക്കുകൾക്ക് മീറ്റർ സ്ഥാപിക്കൽ | 277004/- (CFC) | 234/23.3.2023 | കെ.എസ്.ഇ.ബി, കല്ലിശ്ശേരി |
| തെരുവുവിളക്ക് മീറ്റർ സ്ഥാപിക്കൽ (S0137/23) | 511000 (CFC) | 235/22.3.23 | കെ.എസ്.ഇ.ബി, കല്ലിശ്ശേരി |
| മറ്റ് മുൻകൂറുകൾ | | | |
| 26/23, ഐ.കെ.എം വിഹിതം നൽകൽ | 41745/- (വി.ഫണ്ട്) | 8/26.08.2022 | ഐ.കെ.എം |
| ആകെ | 1058142/- | | |

ധനവിനിയോഗ സാക്ഷ്യപത്രം ഹാജരാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.11/28.11.2023) മറുപടി ഹാജരാക്കിയില്ല. പ്രവൃത്തി പൂർത്തിയാക്കി ധനവിനിയോഗ സാക്ഷ്യപത്രം ഹാജരാക്കുന്നതുവരെ 1058142/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-18 പൊതുവാട്ടർ ടാപ്പ് - ബാധ്യതയേറുന്നു

തിരുവൻവണ്ടൂർ ഗ്രാമ പഞ്ചായത്ത് പരിധിയിലെ പൊതുകുടിവെള്ള ടാപ്പുകളുടെ വെള്ളക്കരമിനത്തിൽ 2022-23 കാലയളവിൽ 897123/- രൂപ ജല അതോറിറ്റിയിലേയ്ക്ക് ഒടുക്കിയിട്ടുണ്ട്. 143 ടാപ്പുകളുടെ കരമാണ് ഒടുക്കിവരുന്നത്. പ്രവർത്തനക്ഷമമല്ലാത്ത ടാപ്പുകൾ നീക്കം ചെയ്യുന്നതിന് സ്വീകരിച്ച നടപടികൾ വിശദീകരിക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (05/25.11.2023) സെക്രട്ടറി നൽകിയ മറുപടിയിൽ ഇതു സംബന്ധിച്ച് ജല അതോറിറ്റിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തിയിട്ടില്ലാത്തതിനാൽ നിലവിൽ പ്രവർത്തനക്ഷമമായ ടാപ്പുകളെ സംബന്ധിച്ച് വ്യക്തമായ കണക്കുകളില്ലെന്ന് പറയുന്നു. സംയുക്ത പരിശോധനയ്ക്കായി ജല അതോറിറ്റിക്ക് കത്ത് നൽകിയിട്ടുണ്ടെന്നും ആയത് ഉടൻ പൂർത്തീകരിക്കുമെന്നും മറുപടിയിൽ പറഞ്ഞിരിക്കുന്നു. കൂടാതെ ജൽജീവൻ മിഷൻ മുഖേന പഞ്ചായത്തിലെ 1400 വീടുകൾക്ക് ഇതിനോടകം കുടിവെള്ള കണക്ഷൻ നൽകിയിട്ടുണ്ട്. ഈ സാഹചര്യത്തിൽ ഉപയോഗശൂന്യമായ ടാപ്പുകൾ ഡിസ്കണക്ട് ചെയ്ത് ഇതുമൂലമുണ്ടാകുന്ന ധനനഷ്ടം ഒഴിവാക്കാനാവശ്യമായ സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-19 പ്രവർത്തനം അവസാനിപ്പിച്ച വാഹനത്തിന്റെ ലേലനടപടികൾ പൂർത്തീകരിച്ചിട്ടില്ല

തിരുവൻവണ്ടൂർ ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കെ.എൽ-30.എ 1449 ബൊലേറോ വാഹനത്തിന്റെ ഉപയോഗം അവസാനിപ്പിക്കുകയും പഞ്ചായത്ത് പുതിയ വാഹനം വാങ്ങുകയും ചെയ്തിട്ടുള്ളതാണ്. എന്നാൽ നിലവിലുള്ള വാഹനം ലേലം ചെയ്ത് പഞ്ചായത്ത് ആസ്തിയിൽ നിന്നും

ഒഴിവാക്കുന്നതിനാവശ്യമായ നടപടികൾ ഇനിയും പൂർത്തിയായിട്ടില്ല. കൂടാതെ 21.09.2023-ൽ പ്രവർത്തനം നിർത്തിയ ടി വാഹനത്തിന്റെ ഇൻഷ്വറൻസ് തുക 10.11.2023-ൽ ഒടുക്കിയിട്ടുമുണ്ട്. ഇക്കാര്യത്തിൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.10/28.11.2023) സെക്രട്ടറി നൽകിയ മറുപടിയിൽ പി.ഡബ്ല്യു.ഡി. മെക്കാനിക്കൽ ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ നൽകിയ അൺഇക്കണോമി സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ പ്രവർത്തനം അവസാനിപ്പിച്ച വാഹനം കണ്ടം ചെയ്ത് ലേലനടപടികൾ കൈക്കൊള്ളുന്നതിന് തദ്ദേശ സ്വയംഭരണ പ്രിൻസിപ്പൽ സെക്രട്ടറിയുടെ അനുമതിക്കായി അപേക്ഷ നൽകിയിരിക്കുകയാണെന്നും ആയത് ഇതുവരെയും ലഭിച്ചിട്ടില്ലെന്നും പറഞ്ഞിരിക്കുന്നു. ദീർഘനാളായി ഓടാതെ കിടക്കുന്നതുമൂലം വാഹനം നാശോന്മുഖമാകുന്നതും അതിന്മേൽ ഇൻഷ്വറൻസ് പോലെയുള്ള ആവർത്തന ചെലവുകളുണ്ടാകുന്നതും പഞ്ചായത്തിന് വലിയ സാമ്പത്തിക നഷ്ടമുണ്ടാക്കുന്ന സംഗതികളായതിനാൽ ഇക്കാര്യത്തിലുള്ള നടപടിക്രമങ്ങൾ വേഗത്തിലാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

### 1-20 ഗ്രാമപഞ്ചായത്ത് ഓഫീസ് കെട്ടിട നിർമ്മാണം നടപ്പായില്ല

2018 ഓഗസ്റ്റ് മാസമുണ്ടായ പ്രളയാനന്തരം പഞ്ചായത്ത്ഓഫീസ് കെട്ടിടത്തിന് ഫിറ്റ്നസ് ഇല്ലായെന്ന തിരുവൻവണ്ടൂർ എൽ.എസ്.ജി.ഡി അസിസ്റ്റന്റ് എഞ്ചിനീയറുടെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിലും പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 29.8.2018 ലെ കത്ത് നം.ഇ 5-8537/2016 നമ്പർ കത്തിന്റെ അടിസ്ഥാനത്തിലും നിലവിൽ പഞ്ചായത്ത് ഓഫീസ് വാടക കെട്ടിടത്തിൽ പ്രവർത്തിച്ച് വരുന്നു. ഗ്രാമപഞ്ചായത്ത് കെട്ടിട നിർമ്മാണം നടത്തുന്നതിനുള്ള സോയിൽ ടെസ്റ്റ് നടത്തിയതിന് പ്രോജക്ട് നം. 100/21 പ്രകാരം പത്മചന്ദ്ര കൺസൾട്ടിംഗ് ഏജൻസീസ് എന്ന സ്ഥാപനത്തിന് 75500 രൂപ (ബിൽ നം. 47/14.1.2021)നൽകിയിരുന്നു.

പഞ്ചായത്ത് ഓഫീസ് കെട്ടിട നിർമ്മാണം സംബന്ധിച്ചുള്ള പുരോഗതിയുടെ വിശദാംശം ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(നം.17/29.11.23), പഞ്ചായത്ത് ഓഫീസ് കെട്ടിട നിർമ്മാണത്തിന് 2021-22 വർഷം 5.36 കോടി വകയിരുത്തി പദ്ധതി ഏറ്റെടുത്തിരുന്നതും ആയതിൽ 20 ലക്ഷം രൂപ RGSA ഫണ്ട് അനുവദിച്ചിരുന്നതുമാണെന്നും ധനകാര്യ വകുപ്പിന്റെ രേഖാമൂലമുള്ള ഉത്തരവ് ലഭിക്കാതിരുന്നത് കാരണം പദ്ധതി നടപ്പിലായില്ലായെന്നും നിലവിൽ കേരള സർക്കാരിന്റെ 2022-23 വാർഷിക ബജറ്റിൽ ഉൾപ്പെടുത്തി കെട്ടിടനിർമ്മാണത്തിന് 1.5 കോടി രൂപ അനുവദിക്കുകയും ടി പ്രവൃത്തിക്ക് 27.11.23 ലെ ഉത്തരവ് (ജി.ഒ(ആർ.റ്റി)നം.1553/2023/പി.ഡബ്ല്യു.ഡി) പ്രകാരം ഭരണാനുമതി ലഭിച്ചിട്ടുള്ളതായും ഗ്രാമപഞ്ചായത്ത് മറുപടി നൽകി. കെട്ടിടം നിർമ്മിക്കുന്നതിന് പര്യാപ്തമായ ഫണ്ടുകൾ ലഭ്യമാക്കി നിർമ്മാണം ആരംഭിക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്. ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

### 1-21 റോഡ് കണക്ടിവിറ്റി മാപ്പിംഗ്-പ്രവൃത്തി പൂർത്തീകരിച്ചില്ല

പ്രോജക്റ്റ് നം - S00118/22-23

നിർവ്വഹണം - അസി.എഞ്ചിനീയർ

തദ്ദേശഭരണ സ്ഥാപനങ്ങളിലെ ആസ്തികൾ സംബന്ധിക്കുന്ന വിവരങ്ങൾ ശേഖരിക്കുന്നതിന്റെ ഭാഗമായാണ് റോഡ് കണക്ടിവിറ്റി മാപ്പിംഗിനായി പദ്ധതി തയ്യാറാക്കിയത്. കേരള സ്റ്റേറ്റ് റിമോട്ട് സെൻസിംഗ് ആന്റ് എൻവയോൺമെന്റ് സെന്റർ(കെ.എസ്.ആർ.ആർ.ഡി.എ) തയ്യാറാക്കിയിട്ടുള്ള ഓൺലൈൻ പ്ലാറ്റ് ഫോമിന്റേയും R-ട്രാക്ക് മൊബൈൽ ആപ്ലിക്കേഷന്റേയും സേവനം പ്രയോജനപ്പെടുത്തിയാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. പ്രധാന റോഡുകളെ വർഗ്ഗീകരിച്ച് അടയാളപ്പെടുത്തി പഞ്ചായത്ത് മാപ്പ് രൂപപ്പെടുത്തുന്നു. റോഡുകളുടെ വീതി, അവസ്ഥ എന്നിവ ഇതിൽ നിന്നും മനസ്സിലാകുന്നു. ഈ പദ്ധതിക്കായി 39000 രൂപ(പൊതു വിഭാഗം-സാധാരണ വിഹിതം) അടങ്കലിൽ ഏക വർഷ പ്രോജക്റ്റായാണ് പദ്ധതി ആസൂത്രണം ചെയ്തത്. ഇതിനായി തൻവർഷം 13000

രൂപ (ബിൽ നം.78/12.12.22) ചെലവഴിച്ചു. വിഷ്ണു കെ.പി എന്ന വ്യക്തിയുടെ പേരിലുള്ള മുദ്രപത്രം, തുക ആവശ്യപ്പെട്ട് കൊണ്ടുള്ള അപേക്ഷ, മസ്റ്റർ റോൾ എന്നിവയാണ് ഫയലിലുള്ളത്. ആദ്യ ഘട്ട സർവ്വെ പൂർത്തീകരിച്ചതിന്റെ പ്രതിഫല തുക എന്നതാണ് അപേക്ഷയിലെ രേഖപ്പെടുത്തൽ. മുദ്രപത്രം ഫയലിലുണ്ടെങ്കിലും ടി വ്യക്തിയുമായി കരാർ ചമച്ചിരുന്നില്ല.

പദ്ധതിയുടെ നിലവിലെ അവസ്ഥ വിശദീകരിക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(നം.7/27/11/23), ആർ-ട്രാക്ക് മൊബൈൽ ആപ്ലിക്കേഷന്റെ വിവിധ തരത്തിലുള്ള പോരായ്മകൾ കാരണമാണ് പദ്ധതി നീണ്ടുപോയതെന്നും നിലവിൽ വിവര ശേഖരണം പൂർത്തീകരിച്ചിട്ടുണ്ടെന്നുമാണ് മറുപടി. ഫീൽഡ് ലെവൽ വേരിഫിക്കേഷൻ അടിയന്തിരമായി നടത്തി പദ്ധതി ലക്ഷ്യം പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. പ്രവൃത്തി ഇതേ വരെ പൂർത്തീകരിച്ചിട്ടില്ലാത്തതിനാൽ 13000 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-22 കരാർ പ്രകാരമുള്ള കാലയളവിൽ പൂർത്തീകരിച്ചില്ല - PWD മാനുവൽ അനുശാസിക്കും പ്രകാരമുള്ള നഷ്ടപരിഹാരം ഈടാക്കിയില്ല.

തുണ്ടിയിൽ പടി കനാൽ റോഡ് സൈഡ് കെട്ടം ഫില്ലിംഗും കോൺക്രീറ്റിംഗ്, തോപ്പിൽ ചെല്ലപുഞ്ചയിൽ ഫുട്പാത്ത് കോൺക്രീറ്റിംഗ് എന്നീ പ്രവൃത്തികൾ കരാർ കാലയളവിനുള്ളിൽ പൂർത്തീകരിച്ചിരുന്നില്ല. വിശദാംശം ചുവടെ,

1)തുണ്ടിയിൽ പടി കനാൽ റോഡ് സൈഡ് കെട്ടം ഫില്ലിംഗും കോൺക്രീറ്റിംഗ്

| | |
|---|---|
| പ്രോജക്റ്റ് നം | S0134/21-22, S081/22 |
| അടങ്കൽ | 566000 |
| പി.എ.സി | 444405 |
| കരാറുകാരൻ | ഡൊമിനിക് ഡേവിഡ് |
| കരാർ നം. | 30/AE/LSGD/TVR/21-22/05.01.22 |
| എം ബുക്ക് നം. | 466/22 |
| ആകെ മൂല്യം | 429003.07+gst=497734<br>(1st Part Bill – 142312.87+gst(12%)=159390<br>2nd And Final –<br>286690.2+gst(18%)=338344 |
| ചെലവ് തുക | 159390രൂപ(2021-22)<br>338344/-ബിൽ ക്രമ നം.12/18.03.23 |
| ഫണ്ട് | റോഡ് മെയിന്റനൻസ് ഗ്രാന്റ് |

05.01.22ൽ കരാർ ചമച്ച പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി 4 മാസം ആയിരുന്നു. 04.05.22 ൽ പ്രവൃത്തി പൂർത്തീകരിക്കേണ്ടിയിരുന്നുവെങ്കിലും പൂർത്തീകരിച്ചത് 01.03.23ൽ മാത്രമാണ്. എന്നാൽ പൂർത്തീകരിച്ചത് 43 ആഴ്ച കഴിഞ്ഞ് 01.03.23ൽ മാത്രമാണ്. PWD മാനുവൽ സെക്ഷൻ 2112 പ്രകാരം പിഴ ഈടാക്കി കാലാവധി ദീർഘിപ്പിച്ച് സപ്ലിമെന്ററി കരാർ ചമച്ചിട്ടുമില്ല. ആയതിനാൽ അധികമായി എടുത്ത കാലത്തിന് PWD മാനുവൽ സെക്ഷൻ 2116.2 പ്രകാരം ഓരോ ആഴ്ചയ്ക്കും പി.എ.സി. യുടെ (കരാർ തുകയുടെ) 0.1% നിരക്കിൽ ആഴ്ചക്ക് (4.3% 444405) 19109 രൂപ ലിക്വിഡേറ്റഡ് ഡാമേജായി ഈടാക്കേണ്ടിയിരുന്നു. എന്നാൽ ഫൈനൽ ബില്ലിൽ നിന്നും പിഴയിനത്തിൽ കേവലം 5734 രൂപ മാത്രമാണ് ഈടാക്കിയിട്ടുള്ളത്. പിഴ ഇനത്തിൽ ഈടാക്കിയ തുക കുറവ് ചെയ്ത്, ബാലൻസ് 13375 രൂപ കരാറുകാരനിൽ നിന്നും ഈടാക്കേണ്ടതാണ്.

2)തോപ്പിൽ ചെല്ലപ്പുഞ്ചയിൽ ഫുട്പാത്ത് കോൺക്രീറ്റിംഗ്, വാർഡ് 3

| | |
|---|---|
| പ്രോജക്റ്റ് നം | S048/21-22, S077/22 |
| പി.എ.സി | 144644 |
| കരാറുകാരൻ | ഡൊമിനിക് ഡേവിഡ് |
| കരാർ നം. | 20/AE/LSGD/TVDR/21-22/13.10.21 |
| എം ബുക്ക് നം. | 468/22 |
| ആകെ മൂല്യം | 134394 |
| ചെലവ് തുക | 158585രൂപ, ബിൽ ക്രമ നം.11/18.03.23 |
| ഫണ്ട് | റോഡ് മെയിന്റനൻസ് ഗ്രാന്റ് |

13.10.21 ൽ കരാർ ചമച്ച പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി 6 മാസമായിരുന്നു. അതനുസരിച്ച് 12.04.22 ൽ പ്രവൃത്തി പൂർത്തീകരിക്കേണ്ടിയിരുന്നു. എന്നാൽ പൂർത്തീകരിച്ചത് 46 ആഴ്ച കഴിഞ്ഞ് 03.03.23 ൽ മാത്രമാണ്. PWD മാനുവൽ സെക്ഷൻ 2112 പ്രകാരം പിഴ ഈടാക്കി കാലാവധി ദീർഘിപ്പിച്ച് സപ്ലിമെന്ററി കരാർ ചമച്ചിട്ടുമില്ല. ആയതിനാൽ അധികമായി എടുത്ത കാലത്തിന് PWD മാനുവൽ സെക്ഷൻ 2116.2 പ്രകാരം ഓരോ ആഴ്ചയ്ക്കും പി.എ.സി. യുടെ (കരാർ തുകയുടെ) 0.1% നിരക്കിൽ ആഴ്ചക്ക് 6654 (4.6% 144644)രൂപ ലിക്വിഡേറ്റഡ് ഡാമേജായി ഈടാക്കേണ്ടിയിരുന്നു. എന്നാൽ ഫൈനൽ ബില്ലിൽ നിന്നും പിഴയിനത്തിൽ കേവലം 1344 രൂപ മാത്രമാണ് ഈടാക്കിയിട്ടുള്ളത്. ബാലൻസ് 5310 രൂപ(6654-1344) കരാറുകാരനിൽ നിന്നും ഈടാക്കേണ്ടതാണ്.

മേൽ പറഞ്ഞ വിഷയങ്ങളിൽ വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(നം.8/27.11.23) ബാലൻസ് തുക അടവാക്കുവാൻ കരാറുകാരന് കത്ത് നൽകുന്നതാണെന്നാണ് മറുപടി നൽകിയിട്ടുള്ളത്. മേൽ പറഞ്ഞ രണ്ട് പ്രവൃത്തികളുടെ ലിക്വിഡേറ്റഡ് ഡാമേജായി 18685 രൂപ(13375 +5310) കരാറുകാരനിൽ നിന്നും ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കുക.

### 1-23 ഇന്റർ ലോക്ക് പാകുന്നതിന് അധിക നിരക്ക് അനുവദിച്ചിരിക്കുന്നു

തൊഴിലുറപ്പ് വിഭാഗം മുഖേന നടപ്പാക്കിയ റോഡ് നിർമ്മാണ പ്രവർത്തികളിൽ ഇന്റർ ലോക്ക് (80mm Thick Cc Paver Block) പാകുന്നതിന് (SECURE Software), 1 $M^2$ ന് 1585.9/- രൂപയാണ് ചുവടെ ചേർക്കുന്ന പ്രവർത്തികൾക്ക് അനുവദിച്ചിട്ടുള്ളത്. എൽ.ഐ.ഡി & ഇ.ഡബ്ല്യു വിഭാഗം മുഖേന 2022-23 ൽ വാർഡ് 7 ൽ നടപ്പാക്കിയ പഴയപീടികയിൽ -കൊല്ലംപറമ്പിൽപ്പടി റോഡ് ഇന്റർ ലോക്ക് പാകൽ എന്ന പ്രവർത്തിയിൽ (PRICE Software ) 1 $M^2$ ന് 1051.81/- രൂപ നിരക്കിലാണ് തുക അനുവദിച്ചത്.

| ക്രമ നം. | പ്രവൃത്തിയുടെ പേര് | 80mm Thick Cc Paver Block പാകിയ ഏരിയ-($M^2$) | അനുവദിച്ച തുക @1585.9/- | പ്രൈസ് സോഫ്റ്റ് വെയറിലെ നിരക്ക് പ്രകാരം കണക്കാക്കാവുന്ന തുക (Dsor 2018) @1051.81/- | വ്യത്യാസം | FTO No. | എം ബുക്ക് നം |
|---|---|---|---|---|---|---|---|
| 1 | പട്ടേരു | 246.5 | 390929.28 | 259271.165 | 131658.115 | 2316301 | 514 |

| | | | | | | | |
|---|---|---|---|---|---|---|---|
| | മഠത്തിൽ വരട്ടാർ റോഡ് ഇന്റർ ലോക്ക് വാർഡ് 7 | | | | | | |
| 2 | അരേപ്പുറത്ത് നടുവക്കാട്ട് റോഡ് ഇന്റർ ലോക്ക് വാർഡ് 7 | 213.59 | 338732.655 | 224656.09 | 114076.565 | 2316547 | 545 |
| 3 | ചരിവ്വ പറമ്പിൽ മേടയിൽ റോഡ് ഇന്റർ ലോക്ക് വാർഡ് 9 | 220.88 | 350298.01 | 232323.79 | 117974.22 | 2316587 | 544 |

നിരക്കുകൾ തമ്മിൽ താരതമ്യം ചെയ്താൽ വളരെ ഉയർന്ന നിരക്കാണ് അനുവദിച്ചിരിക്കുന്നതെന്ന് കാണാം. ഉയർന്ന നിരക്കിൽ തുക അനുവദിച്ചതിന്മേൽ വിശദീകരണം ലഭ്യമാക്കുവാൻ നല്കിയ ഓഡിറ്റ് അന്വേഷണം നം.2/24.11.23 ന് കോമ്പറ്റേറ്റീവ് ടെൻഡർ മുഖേനയാണ് ഏറ്റവും കുറവ് തുകയായ 1585.92/- രൂപ ക്വോട്ട് ചെയ്ത ശ്രീ ലൂക്കോസ് മാത്യു വിനെ മെറ്റീരിയൽ സപ്ലൈ ചെയ്യുവാനുള്ള അനുമതി നൽകി തുക അനുവദിച്ചതെന്നും സെക്യൂർ സോഫ്റ്റ്‌വെയർ ലെ അപാകത മൂലമാണ് കൂടുതൽ നിരക്ക് നൽകേണ്ടി വന്നതെന്നും ദേശീയ തൊഴിലുറപ്പ് പദ്ധതിയുടെ ആലപ്പുഴ ജില്ലാ ഓംബുഡ്സ്മാന്റെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ നിലവിൽ മാർക്കറ്റ് നിരക്കാണ് നൽകുന്നതെന്നും മറുപടി നൽകി.

## 1-24 നിയമാനുസൃത നികുതികൾ ഈടാക്കാതെ തുക അനുവദിച്ചു

ഗ്രാമ പഞ്ചായത്തിൽ 2022-23 വർഷം തൊഴിലുറപ്പ് പദ്ധതി മുഖേന നടപ്പാക്കിയ മെറ്റീരിയൽ വർക്കുകളിൽ കരാറുകാരൻ ലഭ്യമാക്കിയ മെറ്റീരിയലിന് ബിൽ പ്രകാരം നല്കിയ തുകയിൽ നിന്നും നിയമാനുസൃതമായ 2% ജി.എസ്.ടി-ടി.ഡി.എസ്, 1 % ആദായ നികുതി എന്നിവ ഈടാക്കിയിട്ടുള്ളതായി കാണുന്നില്ല. എല്ലാ പ്രവർത്തികൾക്കും മെറ്റീരിയൽ ലഭ്യമാക്കിയിരിക്കുന്നത് ലൂക്കോസ് മാത്യു, കാക്കാ പറമ്പിൽ ട്രേഡേഴ്സ് എന്ന കരാറുകാരനാണ്.

ജി.എസ്.ടി-ടി.ഡി.എസ്, ആദായ നികുതി എന്നിവ ഈടാക്കേണ്ടിയിരുന്ന പ്രവർത്തികളുടെ വിവരം ചുവടെ ചേർക്കുന്നു .

| ക്രമ നം. | പ്രവൃത്തിയുടെ പേര്/വർക്ക് കോഡ് | അനുവദിച്ച തുക | ഈടാക്കേണ്ട ആദായ നികുതി | ഈടാക്കേണ്ട ജി എസ് ടി | FTO No. | എം ബുക്ക് നം |
|---|---|---|---|---|---|---|
| 1 | പട്ടേരു മഠത്തിൽ വരട്ടാർ റോഡ് ഇന്റർലോക്ക് വാർഡ് 7 | 390929.28 | 3910 | 7818 | 2316301 | 514 |
| 2 | അരേപ്പുറത്ത് നടുവക്കാട്ട്റോഡ് | 338732.655 | 3390 | 6774 | 2316547 | 545 |

| | | | | | | |
|---|---|---|---|---|---|---|
| | ഇന്റർ ലോക്ക് വാർഡ് 7 | | | | | |
| 3 | ചരിവു പറമ്പിൽ മേടയിൽ റോഡ് ഇന്റർലോക്ക് വാർഡ് 9 | 350298.01 | 3510 | 7006 | 2316587 | 544 |
| ആകെ | | | 10810 | 21598 | | |

നിയമാനുസൃത നികുതികൾ ഈടാക്കി മാത്രം കരാർ തുകകൾ അനുവദിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

1-25 കിരണം -പദ്ധതി സമഗ്രതയിൽ നടപ്പാക്കിയിട്ടില്ല

പ്രോജക്ടിന്റെ പേര് - കിരണം

പ്രോജക്ട് നമ്പർ - S0056/23

അടങ്കൽ - 25000/-രൂപ (സംരക്ഷിത ഗ്രാന്റ്, റോഡിതരം)

ചെലവ് - 25000/- രൂപ

ബിൽ നമ്പർ - 03/07.01.2023

നിർവ്വഹണം – മെഡിക്കൽ ഓഫീസർ (ആയുർവ്വേദം)

15 വയസ്സിൽ താഴെയുള്ള കുട്ടികളിലെ കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുകയെന്ന ലക്ഷ്യം മുൻനിർത്തിയാണ് മേൽ പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. സ്കൂൾ തലത്തിൽ ബോധവൽക്കരണ ക്ലാസുകൾ നടത്തുക, അണുനശീകരണം നടത്തുക എന്നിവയും പദ്ധതിയിൽ ലക്ഷ്യമിട്ടിട്ടുള്ളതാണ്. എന്നാൽ മരുന്നുവാങ്ങൽ മാത്രമാണ് നടത്തിയിട്ടുള്ളത്. എതെല്ലാം സ്കൂളുകളിലെ എത്ര കുട്ടികൾക്കാണ് മരുന്ന് വിതരണം നടത്തിയത് എന്നതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല. ച്യവനപ്രാശം, കഫ് സിറപ്പ് തുടങ്ങിയവയാണ് വാങ്ങിയിട്ടുള്ളത്. ഇതിന്റെ ആവശ്യകതാ നിർണ്ണയം ശരിയായി നടത്തിയതായി കാണുന്നില്ല. ഇക്കാര്യത്തിൽ വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.01/23.11.2023) നിർവ്വഹണോദ്യോഗസ്ഥയായ ആയുർവ്വേദ മെഡിക്കൽ ഓഫീസർ നൽകിയ മറുപടിയിൽ പ്രോജക്ട് തുടങ്ങുന്നതിനു മുമ്പ് സ്കൂളുകളിലെ ഹെഡ് മാസ്റ്റർ മാസ്റ്റർമാരെ വിളിച്ച് യോഗം ചേർന്നിരുന്നുവെന്നും സ്കൂളുകളിൽ അണുനശീകരണത്തിനായി പുകയ്ക്കുന്നതിന് അപരാജിത ചൂർണ്ണം നൽകിയിരുന്നതായും പറഞ്ഞിട്ടുണ്ട്. രക്ഷകർത്താക്കൾക്കൊപ്പം ഡിസ്പൻസറിയിലെത്തുന്ന കുട്ടികൾക്ക് മരുന്നുവിതരണം നടത്തിയിട്ടുള്ളതായും മറുപടിയിൽ പറയുന്നു. പദ്ധതിയിൽ വിഭാവനം ചെയ്തിട്ടുള്ള നിലയിൽ സ്കൂൾ തലത്തിൽ നടത്തേണ്ടുന്ന പ്രവർത്തനങ്ങൾ കേന്ദ്രീകൃതമായി നടത്തിയിട്ടുള്ളതായാണ് പ്രസ്തുത മറുപടിയിൽ നിന്നും ബോധ്യപ്പെടുത്തുന്നത്. ഈ നിലയിലുള്ള നൂതനവും കാലോചിതവുമായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുകയെന്നത് അഭിനന്ദനാർഹമായ സംഗതിയാണ്. എന്നാൽ പദ്ധതിയിൽ വിഭാവനം ചെയ്തിട്ടുള്ള കാര്യങ്ങളിൽ ഏതെങ്കിലുമൊന്നിലേയ്ക്ക് ചുരുങ്ങാതെ സമഗ്രതയിൽ നടപ്പാക്കുന്ന കാര്യത്തിൽ പ്രത്യേക ശ്രദ്ധ പുലർത്തേണ്ടതാണ്.

1-26 മെൻസ്ട്രൽ കപ്പ് - വിതരണം പൂർണ്ണമായില്ല

പ്രോജക്റ്റ് നം- 169/22-23

അടങ്കൽ - 642800

ചെലവ്- 440400, വികസന ഫണ്ട്(ബിൽ ക്രമ നം.21/28.03.23)

എഫ്.എച്ച്.സി മെഡിക്കൽ ഓഫീസർ നിർവ്വഹണം നടത്തിയ പദ്ധതിയായിരുന്ന മെൻസ്ട്രൽ കപ്പ് വിതരണം. നീതി മെഡിക്കൽസിൽ നിന്നുമാണ് മെൻസ്ട്രൽ കപ്പ് വാങ്ങിയിട്ടുള്ളത്. 02.02.23 ലെ ക്യാഷ്

ബില്ല് പ്രകാരം ലാർജ് - 301, മീഡിയം - 800 എന്ന രീതിയിൽ ആകെ 1101 മെൻസ്ട്രൽ കപ്പാണ് വാങ്ങിയിട്ടുള്ളത്. സ്റ്റോക്ക് രജിസ്റ്ററിൽ മെയിൻ സെന്റർ, തിരുവൻ വണ്ടൂർ, കല്ലിശ്ശേരി സബ് സെന്ററുകളിലേക്ക് താഴെ പറയും പ്രകാരം വിതരണം നടത്തിയതായി രേഖപ്പെടുത്തിയിട്ടുണ്ട്.

മെയിൻ സെന്റർ - 101+267=368

സബ് സെന്റർ, തിരുവൻവണ്ടൂർ - 100+267=367

സബ് സെന്റർ, കല്ലിശ്ശേരി- 100+266 =366

സബ് സെന്ററുകളിൽ നിന്നും വാർഡുകളിലേക്ക് ആശാ വർക്കർമാർ മുഖേനയാണ് വിതരണം നടത്തുന്നതെന്നാണ് അറിയിച്ചിട്ടുള്ളത്. ഏതാനും വാർഡുകളിൽ വിതരണം നടത്തിയതിന്റെ രജിസ്റ്റർ ഹാജരാക്കിയിരുന്നു. പൂർണ്ണമായ വിതരണ രേഖകൾ ഹാജരാക്കിയിരുന്നില്ല. ബോധവൽക്കരണ ക്ലാസുകൾ എന്തെങ്കിലും സംഘടിപ്പിരുന്നോയെന്നും വ്യക്തമല്ല. മേൽ പറഞ്ഞ വിഷയങ്ങളിൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ (നം. 17/29.11.23) ത്തിന് വിതരണം വാർഡടിസ്ഥാനത്തിൽ നടന്നുകൊണ്ടിരിക്കുകയാണെന്നും പൂർത്തീകരിക്കുന്ന മുറയ്ക്ക് അറിയിക്കാമെന്നും ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നുണ്ടെന്നുമാണ് മറുപടി നൽകിയത്. പൂർണ്ണമായ വിതരണ രേഖകൾ ഹാജരാക്കാത്ത സാഹചര്യത്തിൽ 4,40,400 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

### 1-27 ലൈഫ് ഗുണഭോക്താവ് വീട് നിർമ്മാണം ആരംഭിച്ചില്ല

2022-23 കാലയളവിൽ ലൈഫ് ഭവന പദ്ധതി മുഖേന വീട് ലഭിക്കുവാൻ കരാർ വച്ച പൊന്നമ്മ അപ്പുക്കുട്ടൻ, വാരിക്കോട്ടിൽ എന്ന ഗുണഭോക്താവിന് ആദ്യ ഗഡുവായി ഹഡ്കോ ലോണിൽ നിന്നും 40000/- രൂപ അനുവദിച്ചിരുന്നു (സാങ്ഷൻ നം.94/24.12.2022). എന്നാൽ നാളിതു വരെ ഗുണഭോക്താവ് വീട് നിർമ്മാണം ആരംഭിച്ചിട്ടില്ല .
പഞ്ചായത്തിൽ നിന്നും നിരവധി തവണ ആവശ്യപ്പെട്ടിട്ടും വീട് നിർമ്മാണം ആരംഭിക്കുകയോ ലഭിച്ച തുക തിരികെ അടയ്ക്കുകയോ ചെയ്തിട്ടില്ല. വൃദ്ധയായ ഗുണഭോക്താവും മാനസിക വെല്ലുവിളി നേരിടുന്ന മകനും ഉൾപ്പെട്ടതാണ് ആ കുടുംബം എന്നതിനാൽ വീട് നിർമ്മിച്ചു നല്കുന്നതിന് ഭരണ സമിതിയുടെ ഭാഗത്തു നിന്നും നടപടികൾ ഉണ്ടാകേണ്ടതാണ്.

### 1-28 ഹരിത കർമ്മ സേനയുടെ പ്രവർത്തനം മന്ദഗതിയിൽ

തിരുവൻവണ്ടൂർ ഗ്രാമ പഞ്ചായത്തിൽ 13.10.2021 ൽ ആണ് ഹരിത കർമ്മ സേനയുടെ പ്രവർത്തനം ആരംഭിച്ചത്. എന്നാൽ പ്രവർത്തനം ആരംഭിച്ച് 2 വർഷം പൂർത്തീകരിച്ചിട്ടും സേനയുടെ പ്രവർത്തനം വളരെ മന്ദ ഗതിയിലാണെന്ന് രേഖകൾ പരിശോധിച്ചതിൽ നിന്നും വ്യക്തമായി. സമീപ പഞ്ചായത്തുകൾ മാലിന്യ ശേഖരണത്തിൽ 100% കൈവരിക്കുമ്പോഴും ഇവിടെ എല്ലാ പഞ്ചായത്ത് നിവാസികളെയും കടകളെയും പ്രവർത്തനത്തിൽ പങ്കാളികളാക്കാൻ സാധിച്ചിട്ടില്ല. ഇക്കാരണത്താൽ ഹരിത കർമ്മ സേനയിലെ അംഗങ്ങൾക്ക് വളരെ കുറഞ്ഞ വേതനമാണ് ലഭിക്കുന്നത് .
പഞ്ചായത്തിന്റെ നാലാം വാർഡിൽ ഒരു എം.സി.എഫ് നിർമ്മിച്ചിട്ടുണ്ടെങ്കിലും ശേഖരിക്കുന്ന മുഴുവൻ പ്ലാസ്റ്റിക് മാലിന്യവും അവിടെ സൂക്ഷിക്കുവാൻ സാധ്യമല്ലാത്തതിനാൽ നിലവിൽ പഞ്ചായത്ത് കെട്ടിടത്തിന്റെ പരിസരത്തും മുകളിലുമായാണ് അവ സൂക്ഷിക്കുന്നത്.
ഹരിത കർമ്മ സേനയുടെ പ്രവർത്തനവുമായി ബന്ധപ്പെട്ട സൂക്ഷിക്കേണ്ട എല്ലാ രജിസ്റ്ററുകളും സൂക്ഷിക്കുന്നില്ല. കളക്ഷൻ തുക ബാങ്കിൽ അടച്ചതിന്റെ വിവരം, പ്ലാസ്റ്റിക് ക്ലീൻ കേരള മിഷന് കൈമാറിയതിന്റെയും ലഭിച്ച തുകയുടെയും വിവരം എന്നിവ രേഖപ്പെടുത്തുന്ന രജിസ്റ്ററിന്റെയും ക്യാഷ് ബുക്കിന്റെയും അഭാവത്തിൽ ലഭിച്ചതും ചെലവഴിച്ചതുമായ തുകയുടെ കൃത്യത പരിശോധിക്കുവാൻ സാധിച്ചിട്ടില്ല.

ഹരിത കർമ്മസേനയുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ ഉദ്യോഗസ്ഥരുടെയും ഭരണ സമിതിയുടെയും ഭാഗത്തു നിന്നും ഉണ്ടാകേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 കരാർ പ്രകാരമുള്ള കാലയളവിൽ പൂർത്തീകരിച്ചില്ല - PWD മാനുവൽ അനുശാസിക്കും പ്രകാരമുള്ള നഷ്ടപരിഹാരം ഈടാക്കിയില്ല

തുണ്ടിയിൽ പടി കനാൽ റോഡ് സൈഡ് കെട്ടും ഫില്ലിംഗും കോൺക്രീറ്റിംഗ്, തോപ്പിൽ ചെല്ലപുഞ്ചയിൽ ഫുട്പാത്ത് കോൺക്രീറ്റിംഗ് എന്നീ പ്രവൃത്തികൾ കരാർ കാലയളവിനുള്ളിൽ പൂർത്തീകരിച്ചിരുന്നില്ല. വിശദാംശം ചുവടെ,

1)തുണ്ടിയിൽ പടി കനാൽ റോഡ് സൈഡ് കെട്ടും ഫില്ലിംഗും കോൺക്രീറ്റിംഗ്

| | |
|---|---|
| പ്രോജക്റ്റ് നം | S0134/21-22, S0081/22 |
| അടങ്കൽ | 566000 |
| പി.എ.സി | 444405 |
| കരാറുകാരൻ | ഡൊമിനിക് ഡേവിഡ് |
| കരാർ നം. | 30/AE/LSGD/TVR/21-22/05.01.22 |
| എം ബുക്ക് നം. | 466/22 |
| ആകെ മൂല്യം | 429003.07+gst=497734<br>(1st Part Bill –<br>142312.87+gst(12%)=159390<br>2nd And Final –<br>286690.2+gst(18%)=338344 |
| ചെലവ് തുക | 159390രൂപ(2021-22)<br>338344/-ബിൽ ക്രമ നം.12/18.03.23 |
| ഫണ്ട് | റോഡ് മെയിന്റനൻസ് ഗ്രാന്റ് |

05.01.22ൽ കരാർ ചമച്ച പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി 4 മാസം ആയിരുന്നു. 04.05.22 ൽ പ്രവൃത്തി പൂർത്തീകരിക്കേണ്ടിയിരുന്നുവെങ്കിലും പൂർത്തീകരിച്ചത് 01.03.23ൽ മാത്രമാണ്. എന്നാൽ പൂർത്തീകരിച്ചത് 43 ആഴ്ച കഴിഞ്ഞ് 01.03.23ൽ മാത്രമാണ്. PWD മാനുവൽ സെക്ഷൻ 2112 പ്രകാരം പിഴ ഈടാക്കി കാലാവധി ദീർഘിപ്പിച്ച് സപ്ലിമെന്ററി കരാർ ചമച്ചിട്ടുമില്ല. ആയതിനാൽ അധികമായി എടുത്ത കാലത്തിന് PWD മാനുവൽ സെക്ഷൻ 2116.2 പ്രകാരം ഓരോ ആഴ്ചയ്ക്കും പി.എ.സി. യുടെ (കരാർ തുകയുടെ) 0.1% നിരക്കിൽ ആഴ്ചക്ക് (4.3% 444405) 19109/-രൂപ ലിക്വിഡേറ്റഡ് ഡാമേജായി ഈടാക്കേണ്ടിയിരുന്നു. എന്നാൽ ഫൈനൽ ബില്ലിൽ നിന്നും പിഴയിനത്തിൽ കേവലം 5734 രൂപ മാത്രമാണ് ഈടാക്കിയിട്ടുള്ളത്. പിഴ ഇനത്തിൽ ഈടാക്കിയ തുക കുറവ് ചെയ്ത്, ബാലൻസ് 13375 രൂപ

കരാറുകാരനിൽ നിന്നും ഈടാക്കേണ്ടതാണ്.

2)തോപ്പിൽ ചെല്ലപുഞ്ചയിൽ ഫുട്പാത്ത് കോൺക്രീറ്റിംഗ്, വാർഡ് 3

| | |
|---|---|
| പ്രോജക്റ്റ് നം | S0048/21-22, S0077/22 |
| പി.എ.സി | 144644 |
| കരാറുകാരൻ | ഡൊമിനിക് ഡേവിഡ് |
| കരാർ നം. | 20/AE/LSGD/TVDR/21-22/13.10.21 |
| എം ബുക്ക് നം. | 468/22 |
| ആകെ മൂല്യം | 134394 |
| ചെലവ് തുക | 158585രൂപ, ബിൽ ക്രമ നം.11/18.03.23 |
| ഫണ്ട് | റോഡ് മെയിന്റനൻസ് ഗ്രാന്റ് |

13.10.21 ൽ കരാർ ചമച്ച പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി 6 മാസമായിരുന്നു. അതനുസരിച്ച് 12.04.22 ൽ പ്രവൃത്തി പൂർത്തീകരിക്കേണ്ടിയിരുന്നു. എന്നാൽ പൂർത്തീകരിച്ചത് 46 ആഴ്ച കഴിഞ്ഞ് 03.03.23 ൽ മാത്രമാണ്. PWD മാനുവൽ സെക്ഷൻ 2112 പ്രകാരം പിഴ ഈടാക്കി കാലാവധി ദീർഘിപ്പിച്ച് സപ്ലിമെന്ററി കരാർ ചമച്ചിട്ടുമില്ല. ആയതിനാൽ അധികമായി എടുത്ത കാലത്തിന് PWD മാനുവൽ സെക്ഷൻ 2116.2 പ്രകാരം ഓരോ ആഴ്ചയ്ക്കും പി.എ.സി. യുടെ (കരാർ തുകയുടെ) 0.1% നിരക്കിൽ ആഴ്ചക്ക് 6654 (4.6% 144644)രൂപ ലിക്വിഡേറ്റഡ് ഡാമേജായി ഈടാക്കേണ്ടിയിരുന്നു. എന്നാൽ ഫൈനൽ ബില്ലിൽ നിന്നും പിഴയിനത്തിൽ കേവലം 1344 രൂപ മാത്രമാണ് ഈടാക്കിയിട്ടുള്ളത്. ബാലൻസ് 5310 രൂപ(6654-1344) കരാറുകാരനിൽ നിന്നും ഈടാക്കേണ്ടതാണ്.

മേൽ പറഞ്ഞ വിഷയങ്ങളിൽ വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(നം.8/27.11.23) ബാലൻസ് തുക അടവാക്കുവാൻ കരാറുകാരന് കത്ത് നൽകുന്നതാണെന്നാണ് മറുപടി നൽകിയിട്ടുള്ളത്. മേൽ പറഞ്ഞ രണ്ട് പ്രവൃത്തികളുടെ ലിക്വിഡേറ്റഡ് ഡാമേജായി 18685 രൂപ(13375 +5310) കരാറുകാരനിൽ നിന്നും ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കുക.

## 3-2 നിയമാനുസൃത നികുതികൾ ഈടാക്കാതെ തുക അനുവദിച്ചു

ഗ്രാമ പഞ്ചായത്തിൽ 2022-23 വർഷം തൊഴിലുറപ്പ് പദ്ധതി മുഖേന നടപ്പാക്കിയ മെറ്റീരിയൽ വർക്കുകളിൽ കരാറുകാരൻ ലഭ്യമാക്കിയ മെറ്റീരിയലിന് ബിൽ പ്രകാരം നല്കിയ തുകയിൽ നിന്നും നിയമാനുസൃതമായ 2% ജി.എസ്.ടി-ടി.ഡി.എസ്, 1 % ആദായ നികുതി എന്നിവ ഈടാക്കിയിട്ടുള്ളതായി കാണുന്നില്ല. എല്ലാ പ്രവർത്തികൾക്കും മെറ്റീരിയൽ ലഭ്യമാക്കിയിരിക്കുന്നത് ലൂക്കോസ് മാത്യു, കാക്കാപറമ്പിൽ ട്രേഡേഴ്സ് എന്ന കരാറുകാരനാണ്.

ജി.എസ്.ടി-ടി.ഡി.എസ്, ആദായ നികുതി എന്നിവ ഈടാക്കേണ്ടിയിരുന്ന പ്രവർത്തികളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ പേര്/വർക്ക് കോഡ് | അനുവദിച്ച തുക | ഈടാക്കേണ്ട ആദായ നികുതി | ഈടാക്കേണ്ട ജി എസ് ടി | FTO No. | എം ബുക്ക് നം |
|---|---|---|---|---|---|---|
| 1 | പട്ടേരു മഠത്തിൽ വരട്ടാർ റോഡ് ഇന്റർലോക്ക് വാർഡ് 7 | 390929.28 | 3910 | 7818 | 2316301 | 514 |

| | | | | | | |
|---|---|---|---|---|---|---|
| 2 | അരേപുറത്ത് നടുവക്കാട്ട്റോഡ് ഇന്റർ ലോക്ക് വാർഡ് 7 | 338732.655 | 3390 | 6774 | 2316547 | 545 |
| 3 | ചരിവു പറമ്പിൽ മേടയിൽ റോഡ് ഇന്റർലോക്ക് വാർഡ് 9 | 350298.01 | 3510 | 7006 | 2316587 | 544 |
| ആകെ | | | 10810 | 21598 | | |

നിയമാനുസൃത നികുതികൾ ഈടാക്കി മാത്രം കരാർ തുകകൾ അനുവദിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## ഭാഗം -4
## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 200000 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 200000 | 0 |
| | | 133921 | നെൽ കൃഷിവികസനം നെൽകൃഷിക്ക് ആനുകൂല്യം | 133921 | 0 |
| | | 75500 | ഒന്നാം വാർഡിലെ 146-ാം നമ്പർ അംഗനവാടി കെട്ടിടം പുനർ നിർമ്മാണം | 75500 | 0 |
| | | 256800 | ലൈഫ് പദ്ധതി ജനറൽ | 256800 | 0 |
| ജില്ലാ പഞ്ചായത്ത് | 2022-23 | 200000 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 200000 | 0 |
| | | 269395 | നെൽ കൃഷിവികസനം | 269395 | 0 |

| | | | | |
|---|---|---|---|---|
| | | നെൽകൃഷിക്ക് ആനുകൂല്യം | | |

## 4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| KSEB | തെരുവുവിളക്ക് മീറ്റർ സ്ഥാപിക്കൽ ആദ്യഗഡു (S0068/23) | 234/22.3.23 | 277004 | 0 | 277004 |
| KSEB | തെരുവുവിളക്ക് മീറ്റർ സ്ഥാപിക്കൽ രണ്ടാംഗഡു (S0137/23) | 235/22.3.23 | 511000 | 0 | 511000 |
| KSEB | ആങ്ങയിൽപ്പടി പുത്തൻപുരയിൽപ്പടി പിഐപി കനാൽ - പുത്തൻപുരയിൽപ്പടി മാമ്മൂട്ടിൽപ്പടി റോഡിൽ പുതിയ ഇലക്ട്രിക് പോസ്റ്റ് സ്ഥാപിച്ച് സ്ട്രീറ്റ് മെയിൻ ദീർഘിപ്പിക്കൽ | XV/22-23/ P/21/21.11.22 | 228393 | 0 | 228393 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-4 വായ്പ /വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| KURDFC | 0* | 40,00,000 45513 | 0 | 653158 | 0 | 3392355 |

| | | | | | | |
|---|---|---|---|---|---|---|
| പലിശ | | | | | | |
| ആകെ | | 4045513 | 0 | 653158 | 0 | 3392355 |

*മുൻ വർഷ വാർഷിക ധനകാര്യ പത്രിക ബാലൻസ് ഷീറ്റിൽ (2021-22 B5) Secured Loan ഇനത്തിൽ 97255/- രൂപ തെറ്റായി ഉൾപ്പെടുത്തിയിരുന്നു. ടി തുക മുന്നിരുപ്പിൽ നിന്നും ഒഴിവാക്കി യഥാർത്ഥ തുകയാണ് പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ഖണ്ഡിക 1-1-4 കണ്ടാലും

4-5 സ്ഥിര നിക്ഷേപം

ഇല്ല

4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച വരവിന്റെ വിശദാംശം താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളിന്റെ പേരും ഉദ്യോഗപ്പേരും | രസീത് നമ്പർ |
|---|---|---|---|---|
| 2021-22 | 1-10 | 561 | സിനുകുമാർ , എം.ജി.എൻ.ആർ.ഇ.ജി.എ അക്കൗണ്ടന്റ് | 1220702777/21.12.22 |
| 2021-22 | 1-10 | 561 | അജിത്ത് കുമാർ, എം.ജി.എൻ.ആർ.ഇ.ജി.എ ഓവർസീയർ | 1220702778/21.12.22 |
| | | 1122 | | |

4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

ഇല്ല

4-8 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിശദാംശം

ഇല്ല

4-9 ഓഡിറ്റ് പ്രത്യവലോകനം

(എ)സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 28264044 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 25359104 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 18685 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1511542 |

(ബി)പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നം. | തുക(ചെലവ് നഷ്ടം) | ഉത്തരവാദിയായ ആളുടെ പേരും,ഉദ്യോഗപ്പേരും |
|---|---|---|
| 3-1-1 | 13375 | ദിവ്യശ്രീ എം.ആർ, അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-1-2 | 5310 | ദിവ്യശ്രീ എം.ആർ, അസിസ്റ്റന്റ് എഞ്ചിനീയർ |

| | | |
|---|---|---|
| | 18685 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുകയുടെ വിവരം

| ഖണ്ഡിക നം. | തുക | ഉത്തരവാദിയായ ആളുടെ പേരും, ഉദ്യോഗപ്പേരും |
|---|---|---|
| 1-17 | 1058142 | ഗോപികൃഷ്ണൻ റ്റി.എസ്, സെക്രട്ടറി |
| 1-21 | 13000 | ദിവ്യശ്രീ എം.ആർ, അസിസ്റ്റന്റ് എഞ്ചിനീയർ |
| 1-26 | 440400 | ഡോ.സുനിത.എസ് , മെഡിക്കൽ ഓഫീസർ(എഫ്.എച്ച്.സി) |
| | 1511542 | |

(സി)കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നം. | തുക | ഉത്തരവാദിയായ ആളുടെ പേരും,ഉദ്യോഗപ്പേരും |
|---|---|---|
| 3-2 | 10810 (ആദായനികുതി) | ധനലക്ഷ്മി, അക്രഡിറ്റഡ് എഞ്ചിനീയർ |
| 3-2 | 21598(ജി.എസ്.റ്റി) | ധനലക്ഷ്മി , അക്രഡിറ്റഡ് എഞ്ചിനീയർ |

(ഡി)നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ(ഓഡിറ്റ് സമയത്തെ ഔദ്യോഗിക മേൽവിലാസം) | സ്ഥിരം മേൽവിലാസം |
|---|---|---|
| ഗോപികൃഷ്ണൻ റ്റി.എസ്, സെക്രട്ടറി | സെക്രട്ടറി , തിരുവൻവണ്ടൂർ ഗ്രാമപഞ്ചായത്ത് | റ്റി.സി36/815, മഞ്ജിമ, വള്ളക്കടവ്.പി.ഒ, തിരുവനന്തപുരം |
| ദിവ്യശ്രീ എം.ആർ, അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ | നിവേദ്യം, അമ്പലമുക്ക്, അഞ്ചൽ, കൊല്ലം |
| ഡോ.സുനിത.എസ് , മെഡിക്കൽ ഓഫീസർ(എഫ്.എച്ച്.സി) | മെഡിക്കൽ ഓഫീസർ(എഫ്.എച്ച്.സി) തിരുവൻവണ്ടൂർ ഗ്രാമപഞ്ചായത്ത് | സാരസ്വതം, എ.ആർ.എ 64, റ്റിസി 49/494, കൊഞ്ചിറവിള, മണക്കാട് പി.ഒ, തിരുവനന്തപുരം |
| ധനലക്ഷ്മി, അക്രഡിറ്റഡ് എഞ്ചിനീയർ | അക്രഡിറ്റഡ് എഞ്ചിനീയർ, തൊഴിലുറപ്പ് വിഭാഗം, തിരുവൻവണ്ടൂർ ഗ്രാമ പഞ്ചായത്ത് | പരിഭവ, കല്ലിശ്ശേരി പി.ഒ, ചെങ്ങന്നൂർ |

4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികളുടെ എണ്ണം _

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1996/97 (ചെലവ്) | കെ.എസ്.എ/എ.എൽ.പി-പി.6/1263/22/25.05.2023 |
| 1997/98 | കെ.എസ്.എ/എ.എൽ.പി-പി.6/1263/22/25.05.2023 |
| 1998/99 | എൽ.എഫ്.എ.8/1314/02//18.12.2002 |
| 1999/2000 | എൽ.എഫ്.എ.8/1315/02/11.06.2003 |
| 2000/2001 | എൽ.എഫ്.എ.8/943/05/05.05.06 |
| 2001/2002 | എൽ.എഫ്.എ.8/943/05/05.05.06 |
| 2002/2003 | എൽ.എഫ്.എ.11/942/08 |
| 2003/04 | എൽ.എഫ്.എ.11/943/08/27.01.09/08.04.09 |
| 2004/05 | എൽ.എഫ്.എ.11/737/10/31.10.11 |
| 2005/06 | കെ.എസ്.എ/എ.എൽ.പി-പി.6/1263/22/25.05.2023 |
| 2006/07 | കെ.എസ്.എ/എ.എൽ.പി-പി.6/1263/22/25.05.2023 |
| 2007/08 | കെ.എസ്.എ/എ.എൽ.പി-പി.6/1263/22/25.05.2023 |
| 2008/09 | കെ.എസ്.എ/എ.എൽ.പി-പി.6/1263/22/25.05.2023 |
| 2009/10 | കെ.എസ്.എ/എ.എൽ.പി-പി.6/1263/22/25.05.2023 |
| 2010/11 | കെ.എസ്.എ/എ.എൽ.പി-പി.6/1263/22/25.05.2023 |
| 2011/12 | കെ.എസ്.എ/എ.എൽ.പി-പി.6/1263/22/25.05.2023 |
| 2012/13 | കെ.എസ്.എ/എ.എൽ.പി-പി.6/1263/22/25.05.2023 |
| 2013/14 | കെ.എസ്.എ/എ.എൽ.പി-പി.6/1263/22/25.05.2023 |
| 2014/15 | കെ.എസ്.എ/എ.എൽ.പി-പി.6/1263/22/25.05.2023 |
| 2015-16 | കെ.എസ്.എ/എ.എൽ.പി-പി.6/1263/22/25.05.2023 |
| 2016-17 | കെ.എസ്.എ/എ.എൽ.പി-പി.14/1241/2017/03.11.2017 |
| 2017-18 | കെ.എസ്.എ/എ.എൽ.പി-പി.6/1263/22/25.05.2023 |
| 2018-19 | കെ.എസ്.എ/എ.എൽ.പി-പി.6/1263/22/25.05.2023 |
| 2019-20 | കെ.എസ്.എ./എ.എൽ.പി/പി 6/349/21 തീയതി.12.04.2021 |
| 2020-21 | കെ.എസ്.എ./എ.എൽ.പി/പി 6/349/21 തീയതി.12.04.2021 |
| 2021-22 | കെ.എസ്.എ./എ.എൽ.പി/പി 6/1659/22 തീയതി.23.02.2023 |

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ

## Annexure 1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 1(1) dated 14-07-2023 and submitted on 22-07-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03- 2023 , with supporting forms, of the Thiruvanvandoor Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Thiruvanvandoor Grama Panchayat for the year 2022-2023

Date: 20/12/2023

Deputy Director
District Office Alappuzha
Kerala State Audit Department

## Audit Report appended to the Audit Certificate of Thiruvanvandoor Grama Panchayat for the Year 2022-2023 .

**1.Major Observations**

Nil

**2.Other Observations**

1. The Profession tax (Employees) demand is not accurate
2. Profession Tax (Traders) Inaccuracy in advance collection
3. Property Tax DCB in Annual Financial Statement is incorrect
4. Inaccuracy in loan calculation
5. Difference in cash balance amount
6. A negative balance exists in the nationalised bank account of own revenue fund

7. Inaccuracy in MGNREGS admin fund
8. Expenditure amounts of various grants are not accurate
9. CFC(Tied+Untied) balance amount does not match with bank passbook
10. Valuation of panchayath assets not done
11. The accuracy of the Other Advance amount is not explained
12. SNP Central Share ICDS balance amount does not match amount shown in ACR
13. Capital Contribution - The accuracy of the balance amount is not explained
14. Beneficiary Contribution - The accuracy of the amount is not explained
15. The accuracy of the balance amount of the Special Purpose Fund has not been explained
16. Demand entries not recorded in time
17. Property Tax - Sanchaya & ILGMS DCB are not matching
18. Cash flow statement- does not reflect correct figure

Deputy Director
Kerala State Audit Department
District Audit Office, Alappuzha

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ആലപ്പുഴ ജില്ലയിലെ തിരുവൻവണ്ടൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്